# ജീവിത ലക്ഷ്യം



t.me/uloomussunnah    www.uloomussunnah.com

നമ്മുടെ സൃഷ്ടാവിനെ അറബിയിൽ
പരിചയപ്പെടുത്താൻ കഴിയുന്ന എറ്റവും
നല്ല പേരാണ് അല്ലാഹു.

# ജീവിത ലക്ഷ്യം

t.me/uloomussunnah www.uloomussunnah.com

ൽ

بسم الله الرحمن الرحيم

# ആമുഖം

നാം ഈ ഭൂമിയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന യാത്രക്കാരാണ്. ഈ യാത്രയ്ക്ക് ഒരു അവസാനം ഉണ്ട് എന്നത് നിഷേധിക്കാൻ കഴിയാത്ത യാഥാർത്ഥ്യമാണ്.അതിനാൽ തന്നെ ചില ചോദ്യങ്ങൾ നമ്മെ ആശങ്കയിൽ ആക്കുന്നുണ്ട്

നാം എവിടെ നിന്നു വന്നു..? എന്തിനായി വന്നു..? എവിടേക്കാണ് മടക്കം..? എന്താണ് നമ്മുടെ ആഗമന ഉദ്ദേശം?

നാം അധികവും ഇത്തരം ചോദ്യങ്ങൾ അവഗണിച്ച് യാത്ര ചെയ്യുന്നവരാണ്.

എന്നാൽ ഈ ചോദ്യങ്ങൾക്കെല്ലാം ഒരു ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

അതെ! ഈ ചെറു കൃതി നിങ്ങൾക്ക് ഒരു വഴികാട്ടിയാകും. إن شاء الله

# 1

# നാം ഒന്ന് ചിന്തിച്ചാൽ

പ്രപഞ്ചം എന്നത് അത്ഭുതങ്ങളുടെ കലവറയാണ്.
ഭൂമിക്ക് മേൽക്കൂരയെന്ന പോലെ കണ്ണെത്താ ദൂരത്തോളം വിശാലമായ ആകാശം. മനുഷ്യന് ജീവിക്കാൻ അനുയോജ്യമായ രീതിയിൽ പരത്തപ്പെട്ട ഭൂമി. കൃത്യനിഷ്ഠയോടെ മാറിമറിയുന്ന രാവും പകലും. പകലിനെ ജീവിത വിഭവങ്ങൾ കണ്ടെത്തുന്നതിനും രാവിനെ വിശ്രമത്തിനു വേണ്ടിയും തരപെടുത്തിയിരിക്കുന്നു. പകലിനെ ശോഭിപ്പിക്കാൻ സൂര്യനും രാത്രിയുടെ അലങ്കാരം എന്നോണം ചന്ദ്രനും നക്ഷത്രങ്ങളുമായി ആകാശവും നിറക്കപ്പെട്ടിരിക്കുന്നു. ഭൂമി അതിന്റെ പച്ചപ്പ് അണിയുവാൻ ആകാശത്തു നിന്നു മഴ പെയ്യുകയും, സസ്യ ലതാദികളാൽ ഭൂമി അതിന്റെ അലങ്കാരം അണിയുകയും മനുഷ്യന് ഭക്ഷ്യ യോഗ്യമായ ധാന്യങ്ങൾ മുളപ്പിച് തരുകയും ചെയ്യുന്നു. ഇങ്ങനെ മനുഷ്യനു കാണാൻ കഴിയുന്നതും കഴിയാത്തതുമായ അത്ഭുതങ്ങളും അനുഗ്രങ്ങളുമായി പ്രപഞ്ചംനിറക്കപ്പെട്ടിരിക്കുന്നു.

ഈ കാര്യങ്ങളെ ഉറ്റാലോചിക്കുന്ന ബുദ്ധിയുള്ള ഒരുവന് ഇതിന് പിന്നിലുള്ള സൃഷ്ടാവിന്റെ അപാരമായ കഴിവിനെ നിഷേധിക്കാൻ കഴിയാത്ത കാര്യമാണ്. ഏകനായ ആ സൃഷ്ടാവിനെ ബുദ്ധി ശൂന്യരല്ലാത്ത എല്ലാവരും ഒരുപോലെ അംഗീകരിക്കുന്നു.

ജനങ്ങൾ മുഴുവൻ അംഗീകരിക്കുന്ന ഈ ഒരു കാര്യത്തിലേക്കാണ് ഇസ്ലാം ശ്രദ്ധ തിരിക്കുന്നത്.
ഖുർആനിക വചനങ്ങൾ നോക്കൂ;

ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും സൂര്യനെയും ചന്ദ്രനെയും കീഴ്പെടുത്തുകയും ചെയ്തത് ആരാണെന്ന് നീ അവരോട് (ബഹുദൈവവിശ്വാസികളോട്) ചോദിക്കുന്ന പക്ഷം തീര്ച്ചയായും അവര് പറയും: അല്ലാഹുവാണെന്ന്. (സൂറത്ത് അൽ അൻകബൂത് 61)

പറയുക: ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങള്ക്ക് ആഹാരം നല്കുന്നത് ആരാണ്? അതല്ലെങ്കിൽ കേള്വിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവര് പറയും: അല്ലാഹു എന്ന്. (സൂറത്ത് യൂനുസ് 31)

മുഴുവൻ ജനങ്ങളും ഒരുപോലെ അംഗീകരിക്കുന്നു, നമ്മളെ എല്ലാം സൃഷ്ടിച്ചത് ഏകനായ സൃഷ്ടാവാണ് എന്നുള്ളത്.

ആ സൃഷ്ടാവിനെ അറബിയിൽ പരിചയപ്പെടുത്താൻ കഴിയുന്ന ഏറ്റവും നല്ല പേരാണ് അല്ലാഹു.

ഒരുപാട് കാലമായി നാം ഈ ഭൂമിയിൽ ജീവിക്കുന്നു. തിന്നും കുടിച്ചും കളിച്ചും തിമിർത്തും..... എന്നാൽ ഞാൻ ഒന്ന് ചോദിക്കട്ടെ.
എന്തിനാണ് നമ്മെ അല്ലാഹു സൃഷ്ടിച്ചത്? യാതൊരു ബോധവുമില്ലാതെ നാൽക്കാലികളെ പോലെ ജീവിക്കലാണോ നമ്മുടെ ലക്ഷ്യം? ഇത്രയും സന്തുലിതമായ രീതിയിൽ ആകാശവും ഭൂമിയും മാറിമറിയുന്ന രാവും പകലും അതുപോലെയുള്ള മറ്റനുഗ്രഹങ്ങളും സൃഷ്ടിച്ചതിന് പിന്നിലെ നമ്മുടെ സൃഷ്ടാവിന്റെ ലക്ഷ്യം എന്താണ്?

ഇതൊക്കെ വെറുതെ സൃഷ്ടിച്ചതാണ് എന്ന് നിങ്ങൾ

വിചാരിക്കുന്നുണ്ടോ?

അല്ലാഹുവിൻറെ ഈ വചനങ്ങൾ നോക്കുക;

ആകാശത്തെയും, ഭൂമിയെയും, അവ രണ്ടിനുമിടയിലുള്ളതിനെയും നാം കളിയായിക്കൊണ്ട് സൃഷ്ടിച്ചതല്ല.(സൂറത്ത് അമ്പിയാ 16)

ആകാശവും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം നിരര്ത്ഥകമായി സൃഷ്ടിച്ചതല്ല. സത്യനിഷേധികളുടെ ധാരണയത്രെ അത്. ആകയാല് സത്യനിഷേധികള്ക്ക് നരകശിക്ഷയാൽ മഹാനാശം! (സൂറത്ത് സ്വാദ് 27)

ഇതൊരു കളിയും തമാശയും ആയി സൃഷ്ടിച്ചതല്ല എങ്കിൽ എന്താണ് ഈ മഹത്തായ സൃഷ്ടിപ്പിന് പിന്നിലുള്ള ലക്ഷ്യം!?

അല്ലാഹു പറയുന്നു;
ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാന് വേണ്ടിയല്ലാതെ ഞാന് സൃഷ്ടിച്ചിട്ടില്ല. (സൂറത്ത് അദ്ധാരിയാത് 56)

അതെ നമ്മൾ യാതൊരു ലക്ഷ്യബോധവും ഇല്ലാതെ ജീവിക്കേണ്ടവരല്ല മറിച്ച് കൃത്യമായ ഒരു മാർഗ്ഗത്തിലേക്ക് മുന്നിടേണ്ടവർ, സൃഷ്ടാവിന്റെ കൽപ്പനകൾ നിറവേറ്റേണ്ടവർ ആണ് നാം. ഈ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് മനുഷ്യജീവിതത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും പഠിപ്പിക്കുന്നതിനായാണ് അല്ലാഹു ജനങ്ങളിൽ നിന്ന് തന്നെ പ്രവാചകന്മാരെ തിരഞ്ഞെടുത്തത് ജനങ്ങൾക്ക് വേണ്ടി ജനങ്ങളിൽ നിന്ന് പ്രവാചകന്മാരെ തിരഞ്ഞെടുക്കുമ്പോൾ അദ്ദേഹത്തെ പിൻപറ്റുവാൻ എത്ര ലളിതം!

മുഴുവൻ പ്രവാചകന്മാരും ജനങ്ങളെ ഒരേ അടിസ്ഥാന ലക്ഷ്യത്തിലേക്ക് ക്ഷണിച്ചു. ആദ്യ മനുഷ്യനും പ്രവാചകനുമായ ആദം നബി മുതൽ അവസാനത്തെ പ്രവാചകനായ മുഹമ്മദ് നബി വരെ എല്ലാവരും ആ ലക്ഷ്യം കൃത്യമായി ജനങ്ങളെ അറിയിച്ചു.
ഖുർആനിക വചനം ശ്രദ്ധിക്കുക;

നിനക്ക് മുമ്പ് പുരുഷന്മാരെയല്ലാതെ നാം ദൂതന്മാരായി നിയോഗിച്ചിട്ടില്ല. അവര്ക്ക് നാം സന്ദേശം നല്കുന്നു. നിങ്ങള് ക്കറിഞ്ഞു കൂടെങ്കില് (വേദം മുഖേന) ഉല്ബോധനം ലഭിച്ചവരോട് നിങ്ങള് ചോദിച്ചുനോക്കുക. (സൂറത്ത് അന്നഹ്ൽ 43)

തീര്ച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, മറ്റാരാധ്യ വസ്തുക്കളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.) (സൂറത്ത് അന്നഹ്ൽ 36)

ഇസ്ലാം പണിയപ്പെട്ടിരിക്കുന്നത് ഈ പരമമായ സത്യത്തിന്റെയും നീതിയുടെയും മേലാണ്. മുഴുവൻ ജനങ്ങൾക്കും ഒരുപോലെ യോജിക്കാൻ കഴിയുന്ന തത്വത്തിന്റെ മേൽ. ജനങ്ങൾ മറ്റു സ്വാർത്ഥ താല്പര്യങ്ങൾ ഒഴിവാക്കി ആത്മാർത്ഥമായി ചിന്തിച്ചാൽ ഈ രണ്ടു ഖുർആനിക വചനം തന്നെ മതിയാകുന്നതാണ്

ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുന്ഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ റബ്ബിനെ നിങ്ങൾ ആരാധിക്കുവിന്. നിങ്ങൾ സൂക്ഷ്മത പാലിച്ച് ജീവിക്കുവാന് വേണ്ടിയത്രെ അത്.

നിങ്ങള്ക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേല് പുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങള്ക്ക് ഭക്ഷിക്കുവാനുള്ള

കായ്കനികള് ഉല്പാദിപ്പിച്ചു തരികയും ചെയ്ത (റബ്ബിനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞ്കൊണ്ട് നിങ്ങള് അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്.
(സൂറത്ത് അൽബഖറ 21 22 വചനങ്ങൾ)

നിങ്ങൾക്കറിയാം ഈ അനുഗ്രഹങ്ങൾ ചൊരിഞ്ഞു തന്നത് ഏകനായ സൃഷ്ടാവാണ് എന്നത്. ആ സൃഷ്ടാവ് അല്ലാതെ മറ്റു വസ്തുക്കളിലേക്ക് സഹായം ചോദിച്ചാൽ ലഭിക്കുന്നതാണോ? ആരാണോ സൃഷ്ടാവും കാര്യങ്ങൾ നിയന്ത്രിക്കാൻ കഴിവുള്ളവനും അവൻ മാത്രമാണ് ആരാധനയ്ക്ക് അർഹൻ.
ലോകത്തുള്ള മുഴുവൻ മനുഷ്യർക്കും ഒരുപോലെ അംഗീകരിക്കാൻ കഴിയുന്ന ഈ അടിസ്ഥാനത്തിലേക്കാണ് ഇസ്ലാമിലൂടെ നമ്മുടെ സൃഷ്ടാവ് നമ്മളെ ക്ഷണിക്കുന്നത് അഥവാ ശുദ്ധമായ ഏകദൈവാരാധനയിലേക്ക്.

# 2

# ലോകം ബഹുദൈവാരാധനയിലേക്ക് കൂപ്പുകുത്തുന്നു

ചരിത്രത്തിലേക്ക് നോക്കുമ്പോൾ കാര്യങ്ങൾ കൂടുതൽ വ്യക്തമാകും. ഒന്നാമത്തെ മനുഷ്യൻ ആദം നബി ശുദ്ധമായ ഏകദൈവ ആരാധനയിലൂടെ ഈ ലോകത്തോട് വിടപറഞ്ഞു പോയി. പിന്നീട് ഏകദേശം ആയിരം വർഷങ്ങൾ ലോകം ഏകദൈവ ആരാധനയിൽ കഴിഞ്ഞു.

ശേഷം വന്ന പിൽകാലക്കാർ അവരിലെ ശ്രേഷ്ഠരായ അഞ്ച് മഹാന്മാർ വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിങ്ങനെയുള്ളവർ മരണപ്പെട്ട ശേഷം അവരുടെ കബറുകളിൽ(ശവ കുടീരങ്ങൾ) ആ ശ്രേഷ്ഠ വ്യക്തിത്വങ്ങളുടെ രൂപങ്ങൾ കൊത്തിവെച്ചു.

എന്താണ് ആ ജനതയെ ഇതിലേക്ക് നയിച്ചത്?

ഇവർ നല്ലവരായ ആളുകളാണ് അല്ലാഹുവിന് പ്രിയപ്പെട്ടവർ, അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിച്ച് ജീവിച്ചവർ... അതിനാൽ ഇവരുടെ രൂപങ്ങൾ കൊത്തി വെച്ചാൽ അവരെ ഓർക്കുന്നതിലൂടെ നമുക്ക് പ്രാർത്ഥനയിൽ അതീവ താൽപര്യമുള്ളവരാകാം.

എന്നാൽ ആ ജനത, കൊത്തിവച്ചതായ രൂപങ്ങളെ ആരാധിച്ചിരുന്നില്ല. അവർ മരണപ്പെട്ട ശേഷം പിൽകാലത്ത് വന്നവരായ അറിവില്ലാത്ത ജനത (പിശാചിന്റെ ദുർബോധനം നിമിത്തം) ആ രൂപങ്ങളെ ആരാധിക്കുവാൻ തുടങ്ങി! ഇങ്ങനെ

ഭൂമിയിൽ ആദ്യമായി ശിർക്ക് അഥവാ ബഹുദൈവാരാധന രൂപം കൊണ്ടു.

ഏതൊരു ലക്ഷ്യത്തിനാണോ ആകാശഭൂമികൾ നിലനിൽക്കുന്നത് മനുഷ്യ വർഗ്ഗത്തെ സൃഷ്ടിച്ചത് അതിനെ തകിടം മറച്ചുകൊണ്ട് മനുഷ്യവർഗ്ഗം ഏകദൈവാരാധനയിൽ നിന്നും ബഹുദൈവാരാധനയിലേക്ക് കൂപ്പുകുത്തി.

നമ്മുടെ സൃഷ്ടാവ് ഒരിക്കലും ഇഷ്ടപ്പെടാത്ത അവന് ഏറ്റവും വെറുപ്പുളവാക്കുന്ന കാര്യമാണ് അത്.
 എന്നാൽ അല്ലാഹുവിൻറെ കാരുണ്യത്തിൽ പെട്ടതാണ് കാര്യങ്ങൾ വ്യക്തമാക്കുന്നതിന് മുൻപായി ശിക്ഷിക്കാതിരിക്കുക എന്നത്.

ഒരു ദൂതനെ അയക്കുന്നത് വരെ നാം (അല്ലാഹു) ശിക്ഷിക്കുന്നതല്ല. (സൂറത്ത് അൽ ഇസ്രാ 15)

കാര്യങ്ങൾ വ്യക്തമാക്കുന്നതിനായി ആ ജനതയിലേക്ക് നൂഹ് എന്ന പ്രവാചകനെ അയച്ചു. സദുപദേശത്തോടെ ശരിയായ വിശ്വാസത്തിലേക്ക് നൂഹ് തന്റെ ജനതയെ ക്ഷണിച്ചതിന് ഖുർആനിലൂടെ വിവരിക്കുന്നത് നോക്കൂ.

തീര്ച്ചയായും നൂഹിനെ അദ്ദേഹത്തിന്റെ/ ജനതയിലേക്ക് നാം അയച്ചു. നിന്റെ ജനതയ്ക്ക് വേദനയേറിയ ശിക്ഷ വരുന്നതിന്റെ മുമ്പ് അവര്ക്ക് താക്കീത് നല്കുക എന്ന് നിര്ദേശിച്ചു കൊണ്ട്. (സൂറത്ത് നൂഹ് 1)
അല്ലാഹു ചെയ്തുകൊടുത്ത അനുഗ്രഹങ്ങൾ നൂഹ് തന്റെ ജനതയെ ഓർമിപ്പിച്ചു.

നിങ്ങളെ അവന് പല ഘട്ടങ്ങളിലായി സൃഷ്ടിച്ചിരിക്കുകയാണല്ലോ.

മനുഷ്യ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളാണ് ഉദ്ദേശിക്കുന്നത് .

നിങ്ങള് കണ്ടില്ലേ; എങ്ങനെയാണ് അല്ലാഹു അടുക്കുകളായിട്ട് ഏഴ് ആകാശങ്ങള് സൃഷ്ടിച്ചിരിക്കുന്നത് എന്ന്?ചന്ദ്രനെ അവിടെ (ആകാശത്ത്)അവൻ ഒരു പ്രകാശമാക്കിയിരിക്കുന്നു. സൂര്യനെ ഒരു വിളക്കുമാക്കിയിരിക്കുന്നു. (സൂറത്ത് നൂഹ് 14 15 16 വചനങ്ങൾ)

ഈ അനുഗ്രഹങ്ങൾ നിങ്ങൾക്ക് ആരാണോ ഇറക്കിത്തന്നത് അവൻ മാത്രമാണ് ആരാധനയ്ക്ക് അർഹൻ എന്ന് നൂഹ് നബി തൻറെ ജനതയ്ക്ക് പഠിപ്പിച്ചു കൊടുത്തു.

അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങള് അല്ലാഹുവെ ആരാധിക്കുവിന്. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരും നിങ്ങള്ക്കില്ല. തീര്ച്ചയായും ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങള്ക്കു (വന്നുഭവിക്കുമെന്ന്) ഞാന് ഭയപ്പെടുന്നു. (സൂറത്ത് അ' റാഫ് 59)

കാര്യങ്ങൾ വളരെ വ്യക്തമായിരുന്നു. യാതൊരു ആശയക്കുഴപ്പത്തിനും ഇടയില്ലാത്ത രീതിയിൽ. എന്നാൽ വളരെ കുറച്ച് ആളുകളെ ഒഴിച്ച് നിർത്തിയാൽ ജനങ്ങളുടെ പ്രതികരണം തീർത്തും മോശമായിരുന്നു. അത് എങ്ങനെയായിരുന്നു എന്ന് നൂഹ് നബി തന്റെ റബ്ബിനോട് പറഞ്ഞതിനെ ഖുർആനിൽ ഇപ്രകാരം വിശദീകരിക്കുന്നത് കാണാം.

അദ്ദേഹം പറഞ്ഞു: എന്റെ റബ്ബേ തീര്ച്ചയായും എന്റെ ജനതയെ രാവും പകലും ഞാന് വിളിച്ചു.

എന്നിട്ട് എന്റെ വിളി അവരുടെ ഓടിപ്പോക്ക് വര്ദ്ധിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ.

തീര്ച്ചയായും, നീ അവര്ക്ക് പൊറുത്തുകൊടുക്കുവാന് വേണ്ടി ഞാന് അവരെ വിളിച്ചപ്പോഴൊക്കെയും അവര് അവരുടെ വിരലുകള് കാതുകളില് വെക്കുകയും, അവരുടെ വസ്ത്രങ്ങള് മൂടിപ്പുതക്കുകയും, അവര് ശഠിച്ചു നില്ക്കുകയും, കടുത്ത അഹങ്കാരം നടിക്കുകയുമാണ് ചെയ്തത്.

പിന്നീട് അവരെ ഞാന് ഉറക്കെ വിളിച്ചു.പിന്നീട് ഞാനവരോട് പരസ്യമായും വളരെ രഹസ്യമായും പ്രബോധനം നടത്തി.

അങ്ങനെ ഞാന് പറഞ്ഞു: നിങ്ങള് നിങ്ങളുടെ റബ്ബിനോട് പാപമോചനം തേടുക. തീര്ച്ചയായും അവന് ഏറെ പൊറുക്കുന്നവനാകുന്നു.
(സൂറത്ത് നൂഹ് 5 മുതൽ 10 വരെയുള്ള വചനങ്ങൾ)

ഈ ചെയ്തുകൊണ്ടിരുന്ന നീച വൃത്തിയിൽ നിന്നും പാപമോചനം തേടുക തീർച്ചയായും ലോകങ്ങളുടെ സൃഷ്ടാവ് പാപം പൊറുക്കുവാൻ ഇഷ്ടപ്പെടുന്നവനാണ്. ഏറ്റവും വലിയ അക്രമമായ ബഹുദൈവാരാധന പോലും ചെയ്തു പോയതിൽ ഖേദിച്ചു മടങ്ങിയാൽ അല്ലാഹു സ്വീകരിക്കുന്നതാണ് എന്നദ്ദേഹം തന്റെ ജനതയെ ഓർമിപ്പിച്ചു .എന്നാൽ ഇവർ ചെയ്തുകൊണ്ടിരുന്ന ഈ നീചമായ പ്രവർത്തിയെ ഒഴിവാക്കാൻ രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ രഹസ്യമായും പരസ്യമായും എന്നുവേണ്ട എങ്ങനെയൊക്കെ കഴിയുമോ അങ്ങനെയൊക്കെ വിളിച്ചെങ്കിലും അവർ നൂഹിൽ നിന്നും ഓടിയകലുന്ന രംഗമാണ് കാണാൻ കഴിഞ്ഞത് മാത്രവുമല്ല അദ്ദേഹത്തെ പ്രയാസപ്പെടുത്തുകയും ഉപദ്രവിക്കുകയും ആണ് ഉണ്ടായത്.

അവര് പറഞ്ഞു: നൂഹേ, നീ (ഇതില്നിന്നു) വിരമിക്കുന്നില്ലെങ്കില് തീര്

ച്ചയായും നീ എറിഞ്ഞു കൊല്ലപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും. സൂറത്ത് (അശ്ശുഅറആ 112)

തങ്ങളുടെ ജീവിത ലക്ഷ്യത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ശ്രമിച്ചപ്പോൾ അവരുടെ പ്രതികരണം ഇപ്രകാരമാകാൻ അവരെ ഏറ്റവും അധികം പ്രേരിപ്പിച്ചത് ആ ജനവിഭാഗത്തിലെ പുരോഹിതന്മാരും പ്രമുഖന്മാരും ആയിരുന്നു. കാരണം ആരാധന അല്ലാഹുവിൽ നിന്ന് സൃഷ്ടികളിലേക്ക് തിരിച്ചുവിടുന്നതിൽ നേട്ടമുണ്ടാക്കുന്ന ഒരു വിഭാഗം പുരോഹിത വർഗ്ഗം തന്നെയാണ്. ജനങ്ങൾ അവരെ കീഴൊതുങ്ങുവാനും അവരുടെ സമ്പത്ത് കവർന്നെടുക്കുവാനും അവരുടെ മുകളിൽ അധികാരം ചെലുത്തുവാനും ഉള്ള മാർഗത്തെ നശിപ്പിക്കലാണ് നൂഹ് നബിയുടെ പ്രവർത്തനത്തിലൂടെ ഇവിടെ നടക്കുന്നത്.

ഈ പൗരോഹിത്യ വിഭാഗം സ്വാർത്ഥ താല്പര്യങ്ങൾ നേടിയെടുക്കുവാൻ തന്ത്രങ്ങൾ പ്രയോഗിച്ചത് ഖുർആനിലൂടെ വിവരിക്കുന്നത് നോക്കുക.

അവര് (നേതാക്കള്) വലിയ കുതന്ത്രം പ്രയോഗിക്കുകയും ചെയ്തിരിക്കുന്നു.

അവര് പറഞ്ഞു: (ജനങ്ങളേ,) നിങ്ങള് നിങ്ങളുടെ ആരാധ്യൻമാരെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിവരെ നിങ്ങള് ഉപേക്ഷിക്കരുത്.

നൂഹ് നബിക്ക് മുൻപ് ജീവിച്ചിരുന്ന നല്ലവരായ അഞ്ച് മഹാന്മാരായരുന്നു ഇവർ അല്ലാഹുവിന് വഴിപ്പെട്ട് അവനെ മാത്രം ആരാധിച്ചവർ
മഹാനായ ഇബ്നുൽ ഖയ്യിം എന്ന പണ്ഡിതൻ ഈ ആയതിനെ

കുറിച്ച് വിശദീകരിക്കവെ സൂചിപ്പിച്ചു ശ്രേഷ്ഠരായ മുൻഗാമികൾ പറഞ്ഞു. (അബു ജ'ഫർ അൽബാഖിർനെ പ്പോലെ) അവർ (മുകളിൽ സൂചിപ്പിച്ച മഹാന്മാർ) മരണപ്പെട്ടപ്പോൾ ജനങ്ങൾ അവരുടെ ഖബറുകൾക്ക് അടുക്കലായി ഭജനമിരുന്നു.പിന്നീട് അവരുടെ ചിത്രങ്ങൾ അവിടെ നിർമിച്ചു കാലങ്ങൾ കടന്നു പോയി അതിന് ശേഷം വന്ന ജനത അവരെ ആരാധിച്ച് തുടങ്ങി. (ഇഗാസതുല്ലഹ്ഫാൻ 209/1)

ഇതേ ആശയം ആണ് മഹാനായ സ്വഹാബി ഇബ്നു അബ്ബാസ് ഈ ആയത്തിനെ വിശദീകരിക്കവെ കുറിച്ചത്.

അങ്ങനെ അവര് വളരെയധികം ആളുകളെ വഴിപിഴപ്പിച്ചു.
(സൂറത്ത് നൂഹ് 22 23 24 വചനങ്ങൾ)

ആളുകളെ വഴിതെറ്റിക്കുന്നതിൽ പുരോഹിത വർഗ്ഗത്തിന് യാതൊരു മടിയുമില്ല എന്നാൽ അവർക്കുള്ള ഭയങ്കരമായ ശിക്ഷയെക്കുറിച്ചുള്ള താക്കീത് അവർ അറിഞ്ഞിരുന്നെങ്കിൽ.

സത്യവിശ്വാസികളേ, പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട ധാരാളം പേര് ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും, അല്ലാഹുവിന്റെ മാര്ഗത്തില് നിന്ന് (അവരെ) തടയുകയും ചെയ്യുന്നു.
(സൂറത്ത് അത്തവ്ബ 34)

വേദഗ്രന്ഥത്തിലുള്ള അല്ലാഹു അവതരിപ്പിച്ച കാര്യങ്ങള് മറച്ചുവെക്കുകയും, അതിന്നു വിലയായി തുച്ഛമായ (ഈ ലോക ജീവിതത്തിലെ) നേട്ടങ്ങള് നേടിയെടുക്കുകയും ചെയ്യുന്നവരാരോ അവര് തങ്ങളുടെ വയറുകളില് തിന്നുനിറക്കുന്നത് നരകാഗ്നിയല്ലാതെ മറ്റൊന്നുമല്ല. ഉയിര്ത്തെഴുന്നേല്പിന്റെ നാളില്

അല്ലാഹു അവരോട് സംസാരിക്കുകയോ (പാപങ്ങളില് നിന്ന്) അവരെ സംശുദ്ധരാക്കുകയോ ചെയ്യുകയില്ല. അവര്ക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കുകയും ചെയ്യും.
(സൂറത്ത് അൽബഖറ 174)

വർഷങ്ങളോളം നൂഹ് നബി തന്റെ ജനതയിൽ പരിശ്രമിച്ചെങ്കിലും വളരെ കുറച്ച് ആളുകൾ മാത്രമാണ് നൂഹ് നബിയുടെ വിളിക്ക് ഉത്തരം നൽകിയത്. ശേഷം ഉണ്ടായിരുന്ന ജനങ്ങൾ അല്ലാഹുവിൻറെ ശിക്ഷ ഏറ്റുവാങ്ങിക്കൊണ്ട് മുക്കി നശിപ്പിക്കപ്പെട്ടു. നൂഹ് നബിയോടൊപ്പം വിശ്വസിച്ചവരെ കപ്പലിൽ അല്ലാഹു രക്ഷപ്പെടുത്തി.

എന്നാൽ പിൽക്കാലത്ത് വീണ്ടും ഒരു ആവർത്തനം എന്നോണം ജനങ്ങൾ ദൈവനിഷേധത്തിൽ ഏർപ്പെട്ടു കൊണ്ടേയിരുന്നു നാം ജീവിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ പോലും ബഹുഭൂരിപക്ഷം ആളുകളും ദൈവനിഷേധ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു ഡോക്ടർമാർ എൻജിനീയർമാർ അതുപോലെ വിദ്യാഭ്യാസം കരസ്ഥമാക്കിയ ആളുകൾ പോലും ആരാധിക്കുന്നത് കല്ലുകളോ മരങ്ങളോ കുഴിമാടങ്ങളോ ആണ്. അതെ കണ്ണുകൾക്കല്ല മറിച്ച് നെഞ്ചകത്തുള്ള ഹൃദയങ്ങൾക്ക് ആകുന്നു അന്ധത ബാധിച്ചത്. ചരിത്രങ്ങളിൽ നിന്നും മനുഷ്യ സമൂഹം ഗുണപാഠം എടുത്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

3

# ചിന്തിക്കുന്നവർക്ക് ഒരു ദൃഷ്ടാന്തമായി ഇബ്രാഹിം നബിയുടെ പ്രബോധനം

പിൽക്കാലത്ത് വന്ന മറ്റൊരു പ്രവാചകനായിരുന്നു ഇബ്രാഹിം നബി. അദ്ദേഹം പ്രവാചക ദൗത്യം ഏറ്റെടുക്കുമ്പോൾ ജനങ്ങളുടെ അവസ്ഥ വളരെ മോശമായിരുന്നു. അവർ ലോകങ്ങളുടെ സൃഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിന് പുറമെ ആരാധ്യന്മാരായ സ്വീകരിച്ചത് നക്ഷത്രങ്ങളെയാണ് !അതിനെ ആരാധിക്കുവാനായി അവർ വിഗ്രഹങ്ങളെ നിർമ്മിച്ചു. എത്രത്തോളം എന്നാൽ ഇബ്രാഹിം നബിയുടെ പിതാവിൻറെ ജോലി പോലും വിഗ്രഹങ്ങൾ നിർമ്മിക്കൽ ആയിരുന്നു

ഇവരിലേക്ക് പ്രവാചകൻ ഇബ്രാഹിം നടത്തിയ പരിശ്രമം വളരെ ശ്രദ്ധേയമാണ് ഖുർആനിൽ അത് വിവരിക്കുന്നത് കാണുക

അതായത് നിങ്ങള് എന്തൊന്നിനെയാണ് ആരാധിച്ചു കൊണ്ടിരിക്കുന്നത് എന്ന് തന്റെ പിതാവിനോടും, തന്റെ ജനങ്ങളോടും അദ്ദേഹം ചോദിച്ച സന്ദര്ഭം.

അവര് പറഞ്ഞു: ഞങ്ങള് ചില വിഗ്രഹങ്ങളെ ആരാധിക്കുകയും അവയുടെ മുമ്പില് ഭജനമിരിക്കുകയും ചെയ്യുന്നു.

അദ്ദേഹം പറഞ്ഞു: നിങ്ങള് പ്രാര്ത്ഥിക്കുമ്പോള് അവരത് കേള് ക്കുമോ?

അഥവാ, അവര് നിങ്ങള്ക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യുമോ?

അവര് പറഞ്ഞു: അല്ല, ഞങ്ങളുടെ പിതാക്കള് അപ്രകാരം ചെയ്യുന്നതായി ഞങ്ങള് കണ്ടിരിക്കുന്നു.

അദ്ദേഹം പറഞ്ഞു: അപ്പോള് നിങ്ങള് ആരാധിച്ചു കൊണ്ടിരിക്കുന്നത് എന്തിനെയാണെന്ന് നിങ്ങള് ചിന്തിച്ചു നോക്കിയിട്ടുണ്ടോ?നിങ്ങളും നിങ്ങളുടെ പൂര്വ്വപിതാക്കളും?

അത് നിങ്ങൾക്ക് യാതൊരു ഉപകാരവും നേടി തരുന്നില്ല ഒരു ഉപദ്രവം തടയുന്നുമില്ല.

എന്നാല് അവര് (നിങ്ങളുടെ ആരാധ്യർ) എന്റെ ശത്രുക്കളാകുന്നു, ലോകങ്ങളുടെ റബ്ബ് ഒഴികെ.

തുടർന്ന് യതാർത്ഥത്തിൽ ആരാധനക്ക് അർഹനായ തന്റെ റബ്ബിനെ ഇബ്രാഹിം നബി ജനതയ്ക്ക് പരിചയപ്പെടുത്തി കൊടുക്കുന്നത് നോക്കൂ

അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാര്ഗദര്ശനം നല് കിക്കൊണ്ടിരിക്കുന്നവന്.

എനിക്ക് ആഹാരം തരികയും കുടിനീര് തരികയും ചെയ്യുന്നവൻ

എനിക്ക് രോഗം ബാധിച്ചാല് അവനാണ് എന്നെ സുഖപ്പെടുത്തുന്നത്.

എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവന്.

പ്രതിഫലത്തിന്റെ നാളില് ഏതൊരുവന് എന്റെ തെറ്റ്

പൊറുത്തുതരുമെന്ന് ഞാന് ആശിക്കുന്നുവോ അവന്.
(ശുഅറാ' 70-82)

മറ്റൊരു സന്ദർഭം നോക്കൂ

തന്റെ പിതാവിനോടും തന്റെ ജനങ്ങളോടും അദ്ദേഹം (ഇബ്രാഹിം)ഇപ്രകാരം ചോദിച്ച സന്ദര്ഭം (ശ്രദ്ധേയമത്രെ:) നിങ്ങള് പൂജിച്ചുകൊണ്ടിരിക്കുന്ന ഈ പ്രതിമകള് എന്താകുന്നു?

അവര് പറഞ്ഞു: ഞങ്ങളുടെ പിതാക്കള് ഇവയെ ആരാധിച്ചുവരുന്നതായിട്ടാണ് ഞങ്ങള് കണ്ടത്.

നോക്കൂ അവർക്ക് ആ വിഗ്രഹങ്ങളെ ആരാധിക്കുവാൻ ഉള്ള തെളിവ് പിതാക്കന്മാരുടെ വഴി എന്നതല്ലാതെ മറ്റൊരു ന്യായവും ഇല്ലായിരുന്നു!! എങ്കിൽ

അദ്ദേഹം (ഇബ്രാഹിം) പറഞ്ഞു: തീര്ച്ചയായും നിങ്ങളും നിങ്ങളുടെ പിതാക്കളും വ്യക്തമായ വഴികേടിലായിരിക്കുന്നു.

അവര് പറഞ്ഞു: നീ ഞങ്ങളുടെ അടുത്ത് സത്യവും കൊണ്ട് വന്നിരിക്കുകയാണ? അതല്ല, നീ കളിപറയുന്നവരുടെ കൂട്ടത്തിലാണോ?

അദ്ദേഹം പറഞ്ഞു: അല്ല, നിങ്ങളുടെ റബ്ബ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവാകുന്നു. അവയെ സൃഷ്ടിച്ചുണ്ടാക്കിയവന്. ഞാന് അതിന് സാക്ഷ്യം വഹിക്കുന്നവരുടെ കൂട്ടത്തിലാകുന്നു.

അല്ലാഹുവെ തന്നെയാണ, തീര്ച്ചയായും നിങ്ങള് പിന്നിട്ട്

പോയതിനുശേഷം ഞാന് നിങ്ങളുടെ വിഗ്രഹങ്ങളുടെ കാര്യത്തില് ഒരു തന്ത്രം പ്രയോഗിക്കുന്നതാണ്.

അങ്ങനെ അദ്ദേഹം അവയെ (വിഗ്രഹങ്ങളെ) തുണ്ടം തുണ്ടമാക്കിക്കളഞ്ഞു. അവരില് വലിയ ഒന്നിനെ ഒഴികെ. അവര്ക്ക് (വിവരമറിയാനായി) അതിന്റെ അടുത്തേക്ക് തിരിച്ചുചെല്ലാമല്ലോ?

അഥവാ ആ ജനത വിഗ്രഹങ്ങളുടെ അടുക്കൽ സന്നിഹിതരാകാത്ത ഒരു സാഹചര്യത്തിൽ മുഴുവൻ വിഗ്രഹങ്ങളെയും അദ്ദേഹം നശിപ്പിച്ചു അവയിൽ എറ്റവും വലുതിനെ ഒഴികെ (അദ്ദേഹം വലിയ വിഗ്രഹത്തെ ഒഴിവാക്കിയതിന്റെ യുക്തി പിന്നീടുള്ള വചനങ്ങളിൽ മനസ്സിലാക്കാം.)
ഈ കാഴ്ച കണ്ട ആ ജനത ഇപ്രകാരം പറഞ്ഞു

അവര് പറഞ്ഞു: നമ്മുടെ ദൈവങ്ങളെ ഇത് ചെയ്തവന് ആരാണ്? തീര്ച്ചയായും അവന് അക്രമികളില് പെട്ടവന് തന്നെയാണ്.

ചിലര് പറഞ്ഞു: ഇബ്റാഹീം എന്ന് വിളിക്കപ്പെടുന്ന ഒരു യുവാവ് ആ ദൈവങ്ങളെപ്പറ്റി പരാമര്ശിക്കുന്നത് ഞങ്ങള് കേട്ടിട്ടുണ്ട്.

അവര് പറഞ്ഞു: എന്നാല് നിങ്ങള് അവനെ ജനങ്ങളുടെ കണ്മുമ്പില് കൊണ്ട് വരൂ. അവര് സാക്ഷ്യം വഹിച്ചേക്കാം.

അവര് ചോദിച്ചു: ഇബ്റാഹീമേ, നീയാണോ ഞങ്ങളുടെ ദൈവങ്ങളെ ഇതു ചെയ്തത്?

അദ്ദേഹം പറഞ്ഞു: എന്നാല് അവരുടെ കൂട്ടത്തിലെ ഈ വലിയ വിഗ്രഹമാണ് അത് ചെയ്തത്.അവര് സംസാരിക്കുമെങ്കില് നിങ്ങള് അവരോട് ചോദിച്ചുനോക്കൂ!

അപ്പോള് അവര് സ്വമനസുകളിലേക്ക് തന്നെമടങ്ങി. എന്നിട്ടവര് (അന്യോന്യം) പറഞ്ഞു: തീര്ച്ചയായും നിങ്ങള് തന്നെയാണ് അക്രമകാരികള്.

പിന്നെ അവര് തലകുത്തനെ മറിഞ്ഞു. (അവര് പറഞ്ഞു:) ഇവര് (വിഗ്രഹങ്ങൾ) സംസാരിക്കുകയില്ലെന്ന് നിനക്കറിയാമല്ലോ.

അഥവാ ഈ വിഗ്രഹങ്ങൾ സംസാരിക്കാൻ ഉള്ള കഴിവില്ല എന്നുള്ള കാര്യം നിനക്കറിയാമല്ലോ പിന്നെ നീ എന്തിനാണ് നമ്മോട് ഇപ്രകാരം പറയുന്നത് എന്ന് ചോദിക്കുമ്പോൾ ഇബ്രാഹിം നബിയുടെ മറുപടി ശ്രദ്ധേയമാണ്

അദ്ദേഹം പറഞ്ഞു: അപ്പോള് നിങ്ങള്ക്ക് യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെ അല്ലാഹുവിന് പുറമെ നിങ്ങള് ആരാധിക്കുകയാണോ?

ഇബ്രാഹിം നബിയുടെ ഈ ചോദ്യത്തിനു മുൻപിൽ അവർക്ക് ഒരു ഉത്തരം കൊടുക്കുവാൻ കഴിഞ്ഞില്ല. ശേഷം ഇബ്രാഹിം നബി പറഞ്ഞു

നിങ്ങളുടെയും, അല്ലാഹുവിന് പുറമെ നിങ്ങള് ആരാധിക്കുന്നവരുടെയും കാര്യം അപഹാസ്യം തന്നെ. നിങ്ങള് ചിന്തിക്കുന്നില്ലേ?

ജനങ്ങളെ അവർ ചെയ്തുകൊണ്ടിരുന്ന അപരാധത്തിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ച ഇബ്രാഹിം നബിയെ അവർ തീയിൽ എറിഞ്ഞു കരിക്കാനാണ് ഉദ്ദേശിച്ചത്.

അവര് പറഞ്ഞു: നിങ്ങള്ക്ക് (വല്ലതും) ചെയ്യാനാകുമെങ്കില് നിങ്ങള് ഇവനെ ചുട്ടെരിച്ചുകളയുകയും, നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക.

എന്നാൽ ആ ജനതയുടെ തന്ത്രം നിഷ്ഫലമാക്കികൊണ്ട് അല്ലാഹു ഇബ്രാഹിമിനെ തീയിൽ നിന്ന് രക്ഷപ്പെടുത്തി

നാം പറഞ്ഞു: തീയേ, നീ ഇബ്റാഹീമിന് തണുപ്പും രക്ഷയുമായിരിക്കുക.

(സൂറത്ത് അൽ അമ്പിയാ 52 മുതൽ 69 വരെയുള്ള വചനങ്ങൾ)

തീയുടെ പ്രവർത്തനം ചൂടും കരിക്കലും ഒക്കെ ആണെങ്കിലും സൃഷ്ടികളെ അല്ലാഹു അവനിഷ്ടമുള്ള പോലെ മാറ്റി മറിക്കുന്നു.അല്ലാഹുവിൻറെ എല്ലാ സൃഷ്ടികളും അവൻ ഉദ്ദേശിക്കുന്ന പോലെയാകുന്നു.

നിശ്ചയമായും അല്ലാഹു എല്ലകാര്യത്തിനും കഴിവുള്ളവനാകുന്നു

നമ്മളേവരും അതിശയിച്ചു പോകുന്ന കാര്യം എന്തെന്നാൽ ഇബ്രാഹിം നബിക്ക് ശേഷം വന്ന പിൽക്കാലക്കാർ അദ്ദേഹത്തെ തന്നെ ആരാധിക്കുന്ന വിരോധാഭാസപരമായ അവസ്ഥയാണ് കാണാൻ കഴിഞ്ഞത്!!

ഏതൊരു പ്രവാചകനാണോ വിഗ്രഹാരാധന എതിർത്തത്, ഏകദൈവത്തിലേക്ക് ജനങ്ങളെ ക്ഷണിച്ചത്, അതിനു വേണ്ടി തീയിലേക്ക് പോലും എറിയപ്പെട്ടത് അതേ പ്രവാചകന് തന്നെ ആരാധികപ്പെടുന്ന അവസ്ഥ!

ഇത് തികച്ചും ആശ്ചര്യമുളവാക്കുന്ന സംഭവമാണ്. അല്ലാഹുവിനെ

മാത്രമേ ആരാധിക്കാൻ പാടുള്ളൂ എന്ന് ജനങ്ങൾക്ക് പഠിപ്പിച്ചു കൊടുക്കുവാൻ ജനങ്ങളിലേക്ക് എത്തിയ പ്രവാചകന്മാരെ തന്നെ ആരാധിക്കുന്ന അവസ്ഥ. ഇത് പിശാചിന്റെ കുടിലതന്ത്രങ്ങളിൽ പെട്ടതാണ്. പിൽ ലക്കാരായ മതബോധമില്ലാത്ത ജനങ്ങളുടെ മനസ്സുകളിൽ അല്ലാഹുവിൻറെ അടുക്കൽ ശ്രേഷ്ഠരായ ആളുകളെ കുറിച്ച് സംശയങ്ങൾ ഇട്ടു കൊടുക്കും. നൂഹ് നബിയുടെ ജനതയ്ക്ക് സംഭവിച്ചത് പോലെ. അവർ മഹാന്മാരാണ് പക്ഷേ നിങ്ങൾ അവരെ പരിഗണിക്കുന്നില്ല,ബഹുമാനിക്കുന്നില്ല അതിനാൽ നിങ്ങൾ അവരുടെ കബറുകളെ (കുഴിമാടങ്ങളെ) ആദരിക്കണം, അവരുടെ രൂപങ്ങൾ നിർമ്മിക്കണം.... തുടങ്ങിയ രീതിയിൽ. എന്നാൽ ആ തലമുറ ഒരുപക്ഷേ ആ രൂപങ്ങളെ ആരാധിക്കുകയില്ല ശേഷമുള്ള തലമുറയായിരിക്കും ഇതിനെ ആരാധിക്കുന്നത്.

# 4

# ഈസാ നബി (യേശു) ദൈവപുത്രനെന്ന് സ്വയം അവകാശപ്പെട്ടുവോ?

ഇസ്രായേൽ സന്തതികളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനാണ് മഹാനായ ഈസാ നബി ക്രിസ്ത്യാനികൾ യേശു എന്ന് വിളിക്കുന്നു. അദ്ദേഹം മറ്റു പ്രവാചകന്മാരെ പോലെ തന്നെ ശുദ്ധമായ ഏകദൈവ ആരാധനയിലേക്കാണ് ജനങ്ങളെ ക്ഷണിച്ചത്.

ഖുർആൻ അത് വ്യക്തമാക്കിത്തരുന്നു

മറിയമിന്റെ മകൻ മസീഹ് (ഈസ) തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും സത്യനിഷേധികളായിരിക്കുന്നു. എന്നാൽ മസീഹ് (ഈസ/യേശു ) പറഞ്ഞത് ഇസ്രായേൽ സന്തതികളെ എന്റെയും നിങ്ങളുടെയും റബ്ബായ അല്ലാഹുവേ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവിനോട് വല്ലവനും പങ്കു ചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്.നരകം അവന്റെ വാസസ്ഥലം ആയിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. (സൂറത്ത് അൽമായിദ 17)

എത്രയാണ് അവരിലേക്ക് അല്ലാഹുവിൽ നിന്നുള്ള താക്കീതുകൾ വന്നത്

വേദക്കാരെ നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത് അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മറിയമിന്റെ മകനായ മസീഹ് ഈസ, അല്ലാഹുവിന്റെ

ദൂതനും, മറിയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും, അവനിൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മയ്ക്കായി നിങ്ങൾ ഇതിൽനിന്ന് വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്കൊരു സന്താനം ഉണ്ടായിരിക്കുക എന്നതിൽ നിന്ന് അവൻ എത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും എല്ലാം അവന്റേതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി (സൂറത്ത് അന്നിസാഅ് 171)

മുൻഗാമികളായ പ്രവാചകന്മാരുടെ അതേ മാർഗ്ഗത്തിൽ തന്നെയാണ് ഈസാ നബിയും നിലകൊണ്ടത് അദ്ദേഹം ഒരിക്കലും ക്രിസ്ത്യാനികൾ കെട്ടിച്ചമയ്ക്കും പോലെ പുതിയൊരു മതവുമായി വന്നവനല്ല. എന്നാൽ ക്രിസ്ത്യാനികൾ അദ്ദേഹത്തിൻറെ മേൽ ആരോപിക്കുക മാത്രമാണ് ഉണ്ടായത്. ദൈവം മൂന്നുപേരിൽ ഒരാളാണ്,ഈസാനബി അല്ലാഹുവിൻറെ മകനാണ്, അദ്ദേഹത്തിൻറെ മാതാവായ മറിയമിനോട് പ്രാർത്ഥിക്കാം തുടങ്ങിയ യാതൊരുവിധത്തിലും സത്യത്തോട് യോജിക്കാത്ത ആരോപണങ്ങൾ അദ്ദേഹത്തിൻറെ മേൽ ആരോപിച്ചു എന്നാൽ അതിൻറെ ഗൗരവം അവർ മനസ്സിലാക്കിയിരുന്നെങ്കിൽ.
ഖുർആൻ വിശദീകരിക്കുന്നത് നോക്കൂ

അറഹ്മാൻ (അല്ലാഹു) ഒരു സന്താനത്തെ സ്വീകരിച്ചിട്ടുണ്ടെന്ന് അവർ (നസാറാക്കൾ) പറഞ്ഞിരിക്കുന്നു.
അപ്രകാരം പറയുന്നവരെ തീർച്ചയായും നിങ്ങൾ കൊണ്ടുവന്നിരിക്കുന്നത് ഗുരുതരമായ ഒരു കാര്യം തന്നെയാകുന്നു. അത് നിമിത്തം ആകാശങ്ങൾ പൊട്ടിപ്പി ളരുകയും ഭൂമി വിണ്ടുകീറുകയും പർവ്വതങ്ങൾ തകർന്നു വീഴുകയും ചെയ്യുമാറാകും.

അതെ അറഹ്മാന്(അല്ലാഹുവിന്) സന്താനം ഉണ്ടെന്ന് അവർ വാദിച്ചത് നിമിത്തം!
സന്താനത്തെ സ്വീകരിക്കുക എന്നത് അറഹ്മാന്(അല്ലാഹുവിന്) അനുയോജ്യമായതല്ല.
ആകാശങ്ങളിലും ഭൂമിയിലുമുള്ള ഏതൊരാളും ഒരു അടിമയെന്ന നിലയിൽ അറഹ്മാന്റെ(അല്ലാഹുവിന്റെ) അടുത്ത് വരുന്നവൻ മാത്രമായിരിക്കും (സൂറത്ത് മറിയം 88 മുതൽ 93 വരെയുള്ള വചനങ്ങൾ)

എല്ലാ മനുഷ്യരും പഞ്ചപുച്ഛമടക്കി ആ റബ്ബിന്റെ മുൻപിൽ ഭയപ്പെട്ടുകൊണ്ട് വരുന്നതായിരിക്കും, ഈസാനബി ഉൾപ്പെടെ എല്ലാ പ്രവാചകന്മാരും. അങ്ങനെ ഈസാനബി പരലോകത്ത് വെച്ച് വിചാരണവേളയിൽ ഇപ്രകാരം ചോദിക്കപ്പെടും എന്ന് ഖുർആനിലൂടെ അല്ലാഹു അറിയിക്കുന്നു

അല്ലാഹു പറയുന്ന സന്ദർഭം (ശ്രദ്ധിക്കുക)
അല്ലയോ മറിയമിന്റെ മകൻ ഈസാ.. അല്ലാഹുവിന് പുറമേ എന്നെയും, എന്റെ മാതാവിനെയും ദൈവങ്ങൾ ആക്കി കൊള്ളുവിൻ എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം (ഈസ) പറയും: നീ എത്ര പരിശുദ്ധൻ എനിക്ക് പറയാൻ യാതൊരു അവകാശവും ഇല്ലാത്തത് ഞാൻ പറയാവതല്ലല്ലോ. ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീ അത് അറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യ കാര്യങ്ങൾ അറിയുന്നവൻ.
നീ എന്നോട് കൽപ്പിച്ച കാര്യങ്ങൾ അല്ലാതെ ഒന്നും ഞാൻ അവരോട് പറഞ്ഞിട്ടില്ല അഥവാ എന്റെയും നിങ്ങളുടെയും റബ്ബായ അല്ലാഹുവെ മാത്രം നിങ്ങൾ ആരാധിക്കണം എന്ന കാര്യമേ ഞാൻ അവരോട് പറഞ്ഞിട്ടുള്ളൂ. ഞാൻ അവർക്കിടയിൽ

ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെ മേൽ സാക്ഷിയായിരുന്നു. പിന്നീട് നീ എന്നെ പൂർണമായി ഏറ്റെടുത്തപ്പോൾ നീ തന്നെയായിരുന്നു അവരെ നിരീക്ഷിച്ചിരുന്നവൻ. നീ എല്ലാകാര്യത്തിനും സാക്ഷിയാകുന്നു
(സൂറത്ത് അൽമായിദ 116, 117 വചനങ്ങൾ)

ഈസാ നബിയെ ദൈവപുത്രൻ ആക്കുന്നവർ ആലോചിക്കുക നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഈ അതിക്രമം നിങ്ങൾക്ക് തന്നെയാണ് ദോഷമുണ്ടാക്കുക.

# 5

# അന്ത്യ പ്രവാചകൻ മുഹമ്മദ് നബിയുടെ ﷺ ആഗമനം

ജനങ്ങൾ പൂർണമായി വഴിതെറ്റി ജീവിക്കുന്ന സന്ദർഭത്തിലാണ് മുഹമ്മദ് നബിയെﷺ അല്ലാഹു പ്രവാചകനായി തിരഞ്ഞെടുക്കുന്നത്. ഇബ്രാഹിം നബിയെ ആരാധിക്കുന്നവർ, ഈസാനബിയെ ആരാധിക്കുന്നവർ, മറ്റു പ്രവാചകന്മാരെ ആരാധിക്കുന്നവർ,സൂര്യനെ, നക്ഷത്രങ്ങളെ മരങ്ങളെ, ഖബറുകളെ, വിഗ്രഹങ്ങളെ അപ്രകാരം അറേബ്യൻ സമൂഹം വിഗ്രഹാരാധനയുടെയും അജ്ഞതയുടെയും ഈറ്റില്ലമായി മാറി.. അല്ലാഹുവിൽ നിന്നും ഇറക്കപ്പെട്ട വേദഗ്രന്ഥങ്ങൾ പുരോഹിത വർഗ്ഗത്താൽ കൈകടത്തപ്പെട്ടു. പെൺകുഞ്ഞ് ജനിക്കുന്നത് അപമാനമായി കാണുകയും ജീവനോടെ കുഴിച്ചുമൂടുകയും ചെയ്തിരുന്ന ഒരു ജനത.കൊല്ലും കൊലയും വ്യഭിചാരവും തർക്കങ്ങളും പലിശയും തോന്നിവാസവുമായി യാതൊരു ബോധവും ഇല്ലാതെ ജീവിക്കുന്ന ജനങ്ങൾ. ഭൂമി മുഴുവൻ ഇരുട്ടിലായ സാഹചര്യം.

ഏകദൈവാരാധനയിലേക്ക് ജനങ്ങളെ ക്ഷണിക്കുവാൻ അല്ലാഹു അദ്ദേഹത്തോട് കൽപ്പിച്ചു.

ഹേ പുതച്ചു മൂടിയവനേ;

വീടിനുള്ളിൽ പുതച്ചുമൂടിയ അവസ്ഥയിൽ കിടക്കുമ്പോൾ ആണ് ജനങ്ങളിലേക്ക് താക്കീത് നൽകുവാനുള്ള അല്ലാഹുവിൻറെ ആദ്യത്തെ കൽപ്പന അദ്ദേഹത്തിലേക്ക് എത്തുന്നത്.

എഴുന്നേൽക്കുക (ജനങ്ങളെ) താക്കീത് ചെയ്യുക

അവർ അല്ലാഹുവിന് പുറമേ ആരാധിച്ചു കൊണ്ടിരിക്കുന്ന വിഗ്രഹങ്ങൾ നിന്നും മറ്റാരാധ്യന്മാരിൽ നിന്നും താക്കീത് നൽകുക

നിന്റെ റബ്ബിനെ മഹത്വപ്പെടുത്തുക

നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുക

നിൻറെ മനസ്സിനെയും നിൻറെ സ്വഭാവത്തെയും നന്നാക്കുക

അർ റുജ്സിൽ നിന്നും അകന്നു നിൽക്കുക

അഥവാ വിഗ്രഹങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുക
(സൂറത്ത് അൽമുദ്ധതിർ 1 മുതൽ 5 വരെയുള്ള വചനങ്ങൾ)

തുടർന്ന് അദ്ദേഹം രഹസ്യമായി അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിച്ചു. പിന്നീട് പരസ്യമായി അദ്ദേഹത്തിൻറെ അടുത്ത ബന്ധുക്കളിലേക്ക് ഉൽബോധനം നടത്തുവാൻ അല്ലാഹു കൽപ്പിച്ചു.

നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുക (സൂറത്ത് അശഅറാ'214)

മക്കയിലെ ഖുറൈശികളിലേക്ക് (മുഹമ്മദ് നബിയുടെﷺ ഗോത്രം) അല്ലാഹുവിൻറെ കല്പന അറിയിക്കുവാൻ അദ്ദേഹം ഇറങ്ങിപ്പുറപ്പെട്ടു. അവിടുന്ന്ﷺ ചെറിയൊരു കുന്നിന് മുകളിൽ കയറി.ഖുറൈശികളെ ഉറക്കെ വിളിച്ചു.അവർ ആ കുന്നിന് താഴെയായി കൂടി. റസൂൽﷺ ചോദിച്ചു: ശത്രു സൈന്യം നിങ്ങളെ

ആക്രമിക്കുവാനായി ഈ കുന്നിന് പിന്നിൽ എത്തി എന്ന് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ?അവർ പറഞ്ഞു: അതെ താങ്കളെ ഞങ്ങൾ വിശ്വസിക്കും. താങ്കൾ സത്യം പറയുന്നവനായി അല്ലാതെ അറിയപ്പെട്ടിട്ടില്ലല്ലോ.അദ്ദേഹം പറഞ്ഞു: എന്നാൽ അതിഭയങ്കരമായ ഒരു ശിക്ഷയെക്കുറിച്ചുള്ള താക്കീതുകാരൻ ആകുന്നു ഞാൻ.
മുഹമ്മദ് നബിയുടെ ﷺ പിതൃ സഹോദരനും ഖുറൈശികളിലെ പ്രമുഖരിൽ ഒരുവനുമായ അബൂലഹബ് ഉറക്കെ വിളിച്ചുപറഞ്ഞു മുഹമ്മദ്ﷺ നിനക്ക് നാശം. ഇതിനാണോ നീ ഇവിടെ നമ്മളെ ഒരുമിച്ചു കൂട്ടിയത് (ബുഖാരി 4770 മുസ്ലിം 28)

അവരുടെ ആരാധന ഏകനായ അല്ലാഹുവിലേക്ക് മാത്രം തിരിക്കണം എന്നും അദ്ദേഹം അവരിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനാണെന്നും ഉള്ള യാഥാർത്ഥ്യത്തെ ഉൾക്കൊള്ളുവാൻ ആ ഖുറൈശികൾ കൂട്ടാക്കിയില്ല.

മറ്റൊരു സന്ദർഭം നോക്കൂ...
റബീഅ ബ്നു അദ്ദീലി رضي الله عنه -വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു : അല്ലാഹുവിന്റെ റസൂൽ ﷺ പ്രബോധനത്തിനിടെ ഗോത്രങ്ങളെ പിൻതുടരുന്നത് യുവാവായ ഞാൻ എന്റെ ഉപ്പയോടൊത്ത് വീക്ഷിക്കുകയുണ്ടായി. അവിടുത്തെ ﷺ പുറകിലായി സുമുഖനായ മുടി ചുമലിലേക്ക് വീണ ഒരു പുരുഷനുമുണ്ടാകും. അങ്ങനെ അല്ലാഹുവിന്റെ റസൂൽ ﷺ ഗോത്രങ്ങളുടെ മുമ്പാകെ നിന്നിട്ട് പറയും : ((ഇന്നയാളുടെ കുടുംബമേ, തീര്ച്ചയായും ഞാന് നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ റസൂലാകുന്നു.
ഞാൻ നിങ്ങളോട് കല്പ്പിക്കുകയാണ്:
"നിങ്ങള് അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേര്ക്കാതിരിക്കുകയും ചെയ്യുക. നിങ്ങൾ എന്നിൽ വിശ്വസിക്കുക. അല്ലാഹു എന്തൊന്നാൽ എന്നെ നിയോഗിച്ചുവോ

അവനെ തൊട്ട് ഞാൻ അത് നിറവേറ്റുന്നതുവരെ നിങ്ങൾ എന്നെ തടയാതിരിക്കുക"))

അങ്ങനെ അല്ലാഹുവിന്റെ ﷺ റസൂൽ തന്റെ വാക്കുകള് അവസാനിപ്പിച്ചു കഴിഞ്ഞാൽ അദ്ദേഹത്തിന്റെ പുറകിൽ നിന്ന് ആയാൾ വിളിച്ചു പറയും: ഇന്നയാളുടെ കുടുംബമേ, നിങ്ങൾ ലാത്തയെയും ഉസ്സയെയും( ആ ജനതയുടെ ആരാധ്യ വസ്തുക്കൾ) ഉപേക്ഷിക്കലാണ് ഇയാളുടെ ഉദ്ദേശം. ബനൂ മാലികിൽ നിന്നും ബനൂ ഉലൈശിൽ നിന്നും സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും നിങ്ങൾ മുറുകെ പിടിക്കുന്നവരെ ഉപേക്ഷിച്ച് ഇയാൾ കൊണ്ടുവന്ന പുത്തനാചാരത്തിലേക്കും വഴികേടിലേക്കും നിങ്ങൾ നീങ്ങലാണ് ഇയാളുടെ ഉദ്ദേശം. അതുകൊണ്ട് നിങ്ങൾ ഇയാൾ പറയുന്നത് കേൾക്കരുത്, ഇയാളെ പിൻതുടരുകയും അരുത്.

റബീഅ പറഞ്ഞു : ഞാൻ അപ്പോൾ എന്റെ ഉപ്പയോട് ചോദിച്ചു : അരാണത്?

ഉപ്പ പറഞ്ഞു : അത് അദ്ദേഹത്തിന്റെ ﷺ പിതൃസഹോദരൻ അബൂ ലഹബാണ്.(സ്വഹീഹ് ആയ ഹദീസ് - അഹ്മദ് (3/491)

എന്നിരുന്നാലും പ്രവാചകൻﷺ രാവിലും പകലിലും രഹസ്യത്തിലും പരസ്യത്തിലും അല്ലാഹുവിലേക്കുള്ള വിളി തുടർന്നുകൊണ്ടേയിരുന്നു.ധനികനെയും ദരിദ്രനെയും ശക്തനെയും അശക്തനേയും അടിമയെയും ഉടമയെയും ഏകനായ അല്ലാഹുവിലേക്ക് വിളിക്കുന്നത് തുടർന്നു. ജനങ്ങളിൽ നിന്നും കാര്യങ്ങൾ ചിന്തിച്ച് മനസ്സിലാക്കുന്ന ആളുകൾ അദ്ദേഹത്തിന്റേ വിളിക്ക് ഉത്തരം നൽകിത്തുടങ്ങി.

പ്രവാചകന്റെﷺ പ്രബോധനത്തെ തടയാൻ ഖുറൈശികൾ പദ്ധതിയിട്ടു.

ഉത്ബ ബിൻ റബീഅ എന്നൊരാളെ അതിനായി അവർ തെരഞ്ഞെടുത്തു.

നബിയുടെ ﷺ അടുക്കൽ ഇയാൾ വന്നിട്ട് ചോദിച്ചു : മുഹമ്മദേﷺ നീയാണോ ഏറ്റവും ഉത്തമൻ അതോ (നിന്റെ ഉപ്പാ) അബ്ദുല്ലയാണോ?

അപ്പോൾ നബി ﷺ നിശബ്ദനായി ഇരുന്നു

ഉത്ബ ചോദിച്ചു : നീയാണോ ഏറ്റവും ഉത്തമൻ അതോ (നിന്റെ വല്യുപ്പ) അബ്ദുൽ മുത്വലിബാണോ?

അപ്പോഴും അല്ലാഹുവിന്റെ റസൂൽ ﷺ നിശബ്ദനായി ഇരുന്നു.

ഉത്ബ പറഞ്ഞു : അവർ നിന്നേക്കാൾ ഉത്തമരാണെന്നാണ് നീ വാദിക്കുന്നതെങ്കിൽ നീ മോശമാക്കിയ ആരാധ്യന്മാരെയെല്ലാം അവർ ആരാധിച്ചിട്ടുണ്ട്.

ഇനി അവരെക്കാൾ ഉത്തമൻ നീയാണെന്നാണ് നീ വാദിക്കുന്നതെങ്കിൽ നീയൊന്ന് സംസാരിക്ക്. നിന്റെ സംസാരം ഞങ്ങളൊന്ന് കേൾക്കട്ടെ.

അല്ലാഹുവാണേ നിന്റെ സമൂഹത്തിന് നിന്നേക്കാൾ ഭാഗ്യഹീനമായ ഒരു സന്തതിയെ

ഞങ്ങൾ കണ്ടിട്ടില്ല. ഞങ്ങളുടെ സമുദായത്തെ നീ ഭിന്നിപ്പിച്ചു. ഞങ്ങളുടെ കാര്യത്തെ നീ ചിന്നഭിന്നമാക്കി. ഞങ്ങളുടെ മതത്തെ നീ മോശമാക്കി. അറബികൾക്കിടയിൽ നീ ഞങ്ങളെ നാണം കെടുത്തി..........

ഉത്ബ തുടർന്നു

അല്ലയോ മനുഷ്യാ! നിനക്ക് സമ്പത്തിന്റെ ആവശ്യം കൊണ്ട് മാത്രമാണിതെങ്കിൽ നീ ഖുറൈശികളിലെ ഏറ്റവും സമ്പന്നനായ പുരുഷനാകത്തക്കവിധം ഞങ്ങളെല്ലാം ചേര്ന്ന് ഞങ്ങളുടെ സ്വത്തുക്കള് നിനക്ക് സ്വരൂപിച്ച് നൽകാം. ഇനി നിനക്ക് വിവാഹം ചെയ്യാനുള്ള താല്പര്യം കൊണ്ടാണെങ്കിൽ ഖുറൈശി ഗോത്രത്തിൽ നിന്നും നീ ഏതു സ്ത്രീകളെയും തിരഞ്ഞെടുക്ക്. നിനക്ക് ഞങ്ങൾ പത്ത് പേരെ വിവാഹം കഴിപ്പിച്ചു തരാം.

അപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു : തീർന്നുവോ?
പറഞ്ഞു : അതെ.....
റസൂൽ അയാളോട് ആയി ഖുർആനിലെ ചില വാചകങ്ങൾ ഓതിക്കേൾപ്പിച്ചു അതുകേട്ട ഉത്ബ തൻറെ സമൂഹത്തിലേക്ക് മടങ്ങി.
(അൽ ഹാകിം" അൽ മുസ്തദ്റക്" (2/253))

# 6

# പ്രബോധനം തടയാൻ ഖുറൈശികൾ പീഡനം ശക്തമാക്കുന്നു

അല്ലാഹുവിൻറെ കൽപ്പനയിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നതായിരുന്നു പ്രവാചകന്റെ ﷺ ലക്ഷ്യം. അങ്ങനെ അദ്ദേഹം ഈ സത്യത്തിലേക്ക് ജനങ്ങളെ ക്ഷണിച്ചുകൊണ്ടേയിരുന്നു ശത്രുക്കൾ അത് തടയാൻ പല ശ്രമങ്ങളും നടത്തി. പ്രലോഭനത്തിൽ കാര്യമില്ലെന്ന് മനസ്സിലാക്കിയ അവർ ഉപദ്രവത്തിലേക്ക് കടന്നു. അദ്ദേഹത്തെയും കൂടെ വിശ്വസിച്ചവരെയും പലതരത്തിൽ അവർ ഉപദ്രവിച്ചു.

റസൂൽ ﷺസുജൂദിൽ ആയിരിക്കെ ഒട്ടകത്തിന്റെ അവശിഷ്ടം കഴുത്തിലിടപ്പെട്ടു. സത്യത്തിലേക്ക് ക്ഷണിച്ചതിന്റെ പേരിൽ കല്ലെറിഞ്ഞ് ഓടിക്കപ്പെട്ടു അങ്ങനെ മറ്റു പല രീതികളിലായി അദ്ദേഹം പീഡിപ്പിക്കപ്പെട്ടു . ഏകനായ അല്ലാഹുവിനെ മാത്രമേ ആരാധിക്കുവാൻ പാടുള്ളൂ എന്ന് വിശ്വാസത്തിന്റെ പേരിൽ, എല്ലാ പ്രവാചകന്മാരും ക്ഷണിച്ച ഇസ്ലാമിൽ വിശ്വസിച്ചതിന്റെ പേരിൽ.

അനസ് ബ്നു മാലിക് رضي الله عنه -വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു : അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു : ((അല്ലാഹുവിന്റെ മാര്ഗത്തിൽ ഒരുവനും ഉപദ്രവിക്കപ്പെടാത്ത വിധം ഞാൻ ഉപദ്രവിക്കപ്പെട്ടു. അല്ലാഹുവിന്റെ മാര്ഗത്തിൽ ഒരുവനും ഭീഷണിപ്പെടുത്തപ്പെടാത്ത വിധം ഞാൻ ഭീഷണിപ്പെടുത്തപ്പെട്ടു. മുപ്പത് രാത്രികളും പകലുകളും എനിക്ക് കടന്നുപോകുകയുണ്ടായി, അന്ന് എനിക്കും ബിലാലിനും(ഇസ്ലാം സ്വീകരിച്ച ആദ്യത്തെ അടിമ) ബിലാലിന്റെ കക്ഷത്തിനടിയിൽ ഒളിപ്പിച്ചുവയ്ക്കാവുന്നതെന്തോ

(നേരിയ അളവ് ഭക്ഷണം) അത് മാത്രണ് ഭക്ഷിക്കാനുണ്ടായിരുന്നത് (ഹസൻ ആയ ഹദീസ് - അഹ്മദ് "തന്റെ മുസ്നദിൽ" (14078), അത്തിർമിദി (2472), ഇബ്നു മാജ (151)).

അദ്ദേഹത്തിൻറെ അനുചരന്മാരിൽ പെട്ട ഒരാൾ ഉപദ്രവം ശക്തമായതിനെത്തുടർന്ന് പ്രവാചകനോട് വേവലാതി പറയുന്ന ഒരു സംഭവം നമുക്ക് ഹദീസ് ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്

ഖബ്ബാബ് رضي الله عنه പറയുന്നതായി ഖൈസ് കേൾക്കുകയുണ്ടായി കഅബയുടെ തണലിൽ നബി ﷺ ഒരു മേൽപ്പുതപ്പിൽ തലചായ്ച്ചവനായിരിക്കെ ഞാൻ(ഖബ്ബാബ്)അദ്ദേഹത്തിന് അടുത്തേക്ക് വന്നു. അന്ന് മുശ്രിക്കുകളിൽ നിന്ന് ഞങ്ങൾ അത്രമാത്രം കഷ്ടത നേരിട്ട് കഴിഞ്ഞിരുന്നു തന്നിമത്തം ഞാൻ അദ്ദേഹത്തോട് ചോദിച്ചു: അവിടുന്ന് ഞങ്ങൾക്ക് സഹായം ലഭിക്കുവാനായി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നില്ലേ?

അത് കേട്ടപ്പോൾ തന്റെ മുഖം ചുവന്നവനായി കൊണ്ട് അദ്ദേഹം തലചായ്ച്ച അവസ്ഥയിൽ നിന്ന് നേരെയിരുന്നു എന്നിട്ട് പറഞ്ഞു: നിങ്ങളുടെ മുൻഗാമികളിൽ ഒരുവൻ ഇരുമ്പിന്റെ ചീർപ്പ് കൊണ്ട് അവന്റെ മാംസമോ ഞരമ്പുകളോ എല്ലിൽ നിന്നും ചീകി വേർപ്പെടുത്തപ്പെട്ടിട്ടുണ്ട് അതവനെ അവന്റെ ദീനിൽ നിന്ന് വ്യതിചലിപ്പിച്ചിട്ടില്ല. ഒരുവന്റെ നെറുകിൽ ഈർച്ച വാൾ വെക്കപ്പെട്ട് ദേഹം രണ്ടായി പിളർത്തപ്പെട്ടിട്ടുമുണ്ട് എന്നിട്ടും അതവനെ അവന്റെ ദീനിൽ നിന്ന് പതറിച്ചിട്ടില്ല.

ഹദർമൗത്തിലേക്ക് പോകുന്ന ഒരു യാത്രക്കാരന് അല്ലാഹുവിനെയും അവന്റെ ആടുകൾക്ക് ചെന്നായയും അല്ലാതെ ഒന്നും ഭയപ്പെടാതെ ആകുമാറ് അല്ലാഹു ഈ ദീനിനെ പരിപൂർണ്ണ വിജയത്തിലെത്തിക്കും എന്നാൽ നിങ്ങൾ അതിന് ധൃതി

കൂട്ടുകയാണ്.
(അൽ ബുഖാരി 3612,3852)

ഉപദ്രവം കൂടുതൽ ശക്തമായപ്പോൾ സത്യവിശ്വാസികൾ മക്കയിൽ നിന്ന് പാലായനം ചെയ്യേണ്ടിവന്നു ആദ്യം ഹബഷയിലേക്ക് (എത്യോപ്യ) പിന്നെ മദീനയിലേക്ക്.

# 7

# മുഹമ്മദ് നബിﷺ യുടെ പ്രവാചകത്വം ചോദ്യം ചെയ്യപ്പെടുന്നു.

സത്യനിഷേധികൾ പല സംശയങ്ങളുമായി വരാൻ തുടങ്ങി.അവർ മുഹമ്മദ് നബിﷺക്കെതിരെ അടിസ്ഥാന രഹിതമായി ആരോപണങ്ങൾ ഉന്നയിച്ചു. അദ്ദേഹം ഭ്രാന്തനാണ് അല്ലെങ്കിൽ മാരണക്കാരനാണ് എന്നൊക്കെ...

യാഥാർത്ഥ്യം എന്തെന്നാൽ മുൻകഴിഞ്ഞ ദൂതന്മാരെ എല്ലാവരെയും അവർ ഇത്തരത്തിൽ ആരോപണത്തിന് ഇരയാക്കിയിട്ടുണ്ട്. മുൻഗാമികൾക്ക് ഉണ്ടായ ആരോപണങ്ങൾ ഖുർആനിലൂടെ വിവരിക്കുന്നു

അപ്രകാരം തന്നെ ഇവരുടെ പൂർവികന്മാരുടെ അടുത്ത് ഏതൊരു റസൂൽ വന്നപ്പോഴും ജലവിദ്യകാരൻ എന്നോ ഭ്രാന്തൻ എന്നോ അവർ പറയാതിരുന്നിട്ടില്ല
(സൂറത്ത് അദ്ദാരിയാത് 52)

ഈ കാലഘട്ടത്തിലും പ്രവാചകന് എതിരെയുള്ള ആരോപണങ്ങൾ ചെറുതല്ല .
എന്നാൽ നാം മനസ്സിലാക്കിയതാണ് ജനങ്ങൾ വെറുതെ സൃഷ്ടിക്കപ്പെട്ടവരല്ല എന്നും അവരിലേക്ക് സന്മാർഗം വ്യക്തമാക്കുന്നതിനായി ജനങ്ങളിൽ നിന്നും പ്രവാചകന്മാരെ തിരഞ്ഞെടുക്കും എന്നതും. അങ്ങനെ പ്രവാചകന്മാർ വന്നില്ലായിരുന്നു എങ്കിൽ ജനങ്ങൾ എങ്ങനെയാണ് സന്മാർഗം

സിദ്ധിക്കുക? നൻമയും തിൻമയും വേർതിരിക്കപ്പെടുക? അതിനാൽ ചിന്തിക്കുക അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ തിരഞ്ഞെടുക്കും.

ഖുർആനിലൂടെ അല്ലാഹു നമുക്ക് വ്യക്തമാക്കി തരുന്നു

മലക്കുകളില് നിന്നും മനുഷ്യരില് നിന്നും അല്ലാഹു ദൂതന്മാരെ തെരഞ്ഞെടുക്കുന്നു. തീര്ച്ചയായും അല്ലാഹു എല്ലാം കേള്ക്കുന്നവനും എല്ലാം കാണുന്നവനുമത്രെ. (സൂറത്ത് അൾഹജ്ജ് 75)

ചരിത്രത്തിലൂടെ സഞ്ചരിച്ച ഏതൊരാൾക്കും മനസ്സിലാകുന്നതാണ് അവിടുന്ന്ﷺ എന്തെങ്കിലും സ്വാർത്ഥ താല്പര്യങ്ങൾ നേടിയെടുക്കുവാൻ പ്രവാചകനാണ് എന്ന് വാദിച്ചവനല്ല എന്നത്. ഈ ലേഖനത്തിലൂടെയും വായനക്കാർ കടന്നു പോയതാണ് അദ്ദേഹത്തിൻറെ ആത്മാർഥത കുറിക്കുന്ന സംഭവങ്ങൾ.

എത്രയാണ് അദ്ദേഹം ഉപദ്രവിക്കപ്പെട്ടത്?
പീഡനങ്ങൾ ഏൽക്കേണ്ടി വന്നിട്ട് കൂടി അവിടുന്ന് ﷺ ഈ മാർഗ്ഗത്തിൽ ഉറച്ചു നിന്നു.

താൻ സൃഷ്ടാവായ അല്ലാഹുവിന്റെ അടിമയാണെന്നും ലോകങ്ങളുടെ സൃഷ്ടാവ് മാത്രമാണ് ആരാധനയ്ക്ക് അർഹൻ എന്നുമുള്ള മുൻഗാമികളായ പ്രവാചകന്മാരുടെ മാർഗത്തിലേക്കാണ് തിരുദൂതർﷺ ജനങ്ങളെ ക്ഷണിച്ചത്. പുതിയ തത്വചിന്തകളിലേക്ക് അല്ല മറിച്ച് പഴയ മാർഗത്തിലേക്ക്. ഖുർആൻ വ്യക്തമാക്കുന്നത് കാണുക.

നബിയെ പറയുക: നിശ്ചയമായും ഞാൻ നിങ്ങളെ പോലൊരു മനുഷ്യനാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു എന്ന് എനിക്ക് ബോധനം നൽകപ്പെട്ടിരിക്കുന്നു. ആകയാൽ

അവങ്കലേക്കുള്ള മാർഗത്തിൽ നിങ്ങൾ നേരെ നിലകൊള്ളുകയും അവനോട് നിങ്ങൾ പാപമോചനം തേടുകയും ചെയ്യുവിൻ. ബഹുദൈവ ആരാധകർക്കാകുന്നു നാശം.
(സൂറത്ത് അൽ ഫുസ്സിലത് 6)

ഒരുവൻ സ്വയം പ്രവാചകത്വം അവകാശപ്പെടുന്നതിലൂടെ ലക്ഷ്യമാക്കുക സ്വാർത്ഥ താൽപര്യങ്ങൾ നേടിയെടുക്കുക എന്നതായിരിക്കും എന്നത് ചിന്തിക്കുന്ന ഏതൊരു മനുഷ്യനും വ്യക്തമാകുന്നതാണ് .

ഈ കാലഘട്ടത്തിൽ ചിലർ ആൾദൈവം ചമഞ്ഞത് പോലെ. അതിലൂടെ അവർ ഉദ്ദേശിക്കുന്നത് ജനങ്ങളുടെ സമ്പത്തും സമൂഹത്തിലെ സ്ഥാനവും സ്ത്രീകളുടെ അഭിമാനവും ആണ് എന്നത്,പകൽ വെളിച്ചം പോലെ വ്യക്തമാണ്. അത്പോലെ അവർ സ്വന്തത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നു. സുഖലോലുപരായി ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നു.എന്നാൽ ശ്രേഷ്ഠരായ പ്രവാചകന്മാർ ഇത്തരക്കാരിൽ നിന്നു തീർത്തും മുക്തരാണ്.

മറ്റേതൊരു പ്രവാചകനെ പോലെ തന്നെ തിരുനബി ﷺ ജനങ്ങളുടെ സമ്പത്തോ സ്ഥാനമാനങ്ങളോ ഉദ്ദേശിച്ചിരുന്നില്ല.

ഖുർആൻ പറയുന്നത് കാണുക;
നബിയേ പറയുക : "ഇതിന്റെ പേരില് ഞാന് നിങ്ങളോടൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. പിന്നെ ഞാന് കള്ളം കെട്ടിച്ചമച്ചുണ്ടാക്കുന്നവനുമല്ല." (സൂറത്ത് അസ്സ്വാദ് 86)

തിരുനബിയുടെ ﷺ സത്യസന്തത അദ്ദേഹത്തിന്റെ ലളിതജീവിതം തെളിയിച്ചതാണ്.മദീനയുടെ ഭരണാധികാരിയായ പ്രവാചകൻ ﷺ ഉറങ്ങിയിരുന്നത് പനയോലപ്പായയിൽ

അബ്ദുല്ല ബിനു മസ്ഊദ് رضي الله عنه പറഞ്ഞു: തിരുനബിﷺ ഒരു ഈന്തപ്പന ഓലയുടെ പായയിൽ ഉറങ്ങുകയുണ്ടായി. തുടർന്ന് എഴുന്നേറ്റപ്പോൾ അദ്ദേഹത്തിൻറെ മുതുകിൽ അത് പാടുകൾ ഏൽപ്പിച്ചിരുന്നു.അപ്പോൾ ഞങ്ങൾ അദ്ദേഹത്തോട് ചോദിച്ചു: അല്ലാഹുവിൻറെ റസൂലേﷺ ഞങ്ങൾ അങ്ങേയ്ക്ക് ഒരു മെത്തയുണ്ടാക്കി തരട്ടെ?അപ്പോൾ അദ്ദേഹം പ്രത്യുത്തരം നൽകി: എനിക്ക് ഐഹിക ജീവിതവുമായി എന്ത് ബന്ധമാണ്? യാത്രയ്ക്കിടയിൽ മരത്തണലിൽ അല്പം വിശ്രമിച്ച്, പിന്നീട് ആ മരത്തെ വിട്ടുപിരിഞ്ഞു യാത്രതുടരുന്ന ഒരു യാത്രക്കാരനെ പോലെ മാത്രമാകുന്നു ഞാൻ, ഇതിൽ എന്നതല്ലാതെ (സുനൻ അത്തിർമിദി 2377)

ലോകത്തിന് മുഴുവൻ മാതൃകയായ പ്രവാചകൻറെﷺ വീട്ടിൽ രണ്ടുമാസത്തോളം അടുപ്പുകൾ തീ പുകഞ്ഞിട്ടില്ല ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു

ഉർവ ബിനു സുബൈറിൽ رضي الله عنه നിന്നും ആയിഷ رضي الله عنها അദ്ദേഹത്തോട് പറഞ്ഞു:എൻറെ സഹോദരിയുടെ പുത്രാ.. ഞാനും അല്ലാഹുവിൻറെ റസൂലും മാസപ്പിറവിയിലേക്ക് നോക്കുമായിരുന്നു. പിന്നീട് അതിനെ തുടർന്നു വരുന്ന മാസപ്പിറവിയിലേക്കും. അങ്ങനെ മൂന്നുമാസപിറവികൾ ഞങ്ങൾ കടന്നുപോയി. ആ രണ്ടു മാസത്തിനിടെ അല്ലാഹുവിൻറെ റസൂലിൻറെﷺ വീടുകളിൽ തീ പുകഞ്ഞിട്ടില്ല. അപ്പോൾ ഉർവ്വ رضي الله عنه അവരോട് ചോദിച്ചു മാതൃസഹോദരി പിന്നെ എന്തായിരുന്നു നിങ്ങളെ ജീവിപ്പിച്ചിരുന്നത്? അവർ പറഞ്ഞു: ഈത്തപ്പഴവും വെള്ളവും
(അൽബുഖാരി 2576)

ഇതുപോലെ നിരവധി സംഭവങ്ങൾ തിരുനബിയുടെﷺ ജീവിത വിശുദ്ധിയും സത്യസന്ധതയും വിളിച്ചോതുന്നു. എന്നാൽ

അദ്ദേഹത്തിന്റെ പ്രവാചകത്വത്തെ ചൂണ്ടി കാണിക്കുന്ന എല്ലാ വിഷയങ്ങളും ഈ ചെറിയ ലേഖനത്തിൽ കുറിക്കുക എന്നത് അസാധ്യമാണ്.

# 8

# ഖുർആൻ ആരോപണത്തിന് ഇരയാകുന്നു.

എല്ലാ പ്രവാചകന്മാർക്കും അവർ അല്ലാഹുവിൽ നിന്നുമുള്ള ദൂതനാണ് എന്നറിയിക്കുവാൻ അല്ലാഹു അവർക്ക് ദൃഷ്ടാന്തങ്ങൾ നൽകും. അങ്ങനെ മുഹമ്മദ് നബിക്ക്ﷺ നൽകിയ ഏറ്റവും വലിയ ദൃഷ്ടാന്തം ആയിരുന്നു ഖുർആൻ.അപ്രകാരം തന്നെ മുശ്രിക്കുകളുടെ ആവശ്യാനുസരണം തിരുദൂതരുടെ പ്രാർത്ഥനയിലൂടെ അല്ലാഹു ചന്ദ്രനെ പിളർത്തി കാണിച്ചു.അത്പോലെ മറ്റനേകം ദൃഷ്ടാന്തങ്ങൾ റസൂലിന് ﷺഅല്ലാഹു നൽകി.

എന്നാൽ ഖുർആൻ അത് അല്ലാഹുവിൽ നിന്ന് അവതരിച്ചതല്ല എന്നതായിരുന്നു നിഷേധികളുടെ മറ്റൊരു ആരോപണം.

അവർ പറഞ്ഞു ഇത് പൂർവികന്മാരുടെ കെട്ടുകഥകൾ മാത്രമാണ്. ഇവൻ അത് എഴുതി വെച്ചിരിക്കുന്നു. എന്നിട്ടത് രാവിലെയും വൈകുന്നേരവും അവനു വായിച്ചു കേൾപ്പിക്കപ്പെടുന്നു
(സൂറത്ത് അൽഫുർഖാൻ 5)

എന്നാൽ ഇത് കേവലം ആരോപണം മാത്രമാണ് എന്തെന്നാൽ ലോകങ്ങളുടെ സൃഷ്ടാവിന്റെ അടുക്കൽ നിന്നും അവതരിച്ച ഖുർആൻ മുൻ വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നു. മനുഷ്യർക്ക് മാർഗദർശനമായി അവതരിപ്പിക്കപ്പെട്ട ഈ ഖുർആനിലൂടെ ജനങ്ങൾക്ക് ആവശ്യമായ കാര്യങ്ങൾ വിശദീകരിക്കപ്പെട്ടു. വിശുദ്ധ ഖുർആൻ മനസ്സുകൾക്ക് പരിവർത്തനം നൽകുകയും ഏറ്റവും

ശരിയായതിലേക്ക് വഴി കാണിക്കുകയും ചെയ്യുന്നു. ഇത് ലോകങ്ങളുടെ സൃഷ്ടാവിനല്ലാതെ മറ്റാർക്കാണ് കഴിയുക.

അല്ലാഹുവിന് പുറമെ (മറ്റാരാലും) ഈ ഖുർആൻ കെട്ടിച്ചമയിക്കപ്പെടാൻ കഴിയുന്നതല്ല. പ്രത്യുത അതിൻറെ മുമ്പുള്ള ദിവ്യ സന്ദേശത്തെ സത്യപ്പെടുത്തുന്നതും, ദൈവിക പ്രമാണത്തിന്റെ വിശദീകരണവുമത്രെ അത്. അതിൽ യാതൊരു സംശയവുമില്ല. ലോകങ്ങളുടെ റബ്ബിൽ നിന്നുള്ളതത്രെ അത്
(സൂറത്ത് യൂനുസ് 37)

അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു (സൂറത്ത് അന്നിസാ' 82)

എന്നാൽ അതിൽ യാതൊരു വൈരുദ്ധ്യവും കാണാൻ കഴിയില്ല

ഇത് (ഖുർആൻ) ഒരു കവിയുടെ വാക്കല്ല വളരെ കുറച്ചേ നിങ്ങൾ വിശ്വസിക്കുന്നുള്ളു.

ഒരു ജോത്സ്യന്റെ വാക്കുമല്ല വളരെക്കുറച്ചേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ

ഇത് ലോകങ്ങളുടെ റബ്ബിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു

നമ്മുടെ പേരിൽ (അല്ലാഹുവിൻറെ പേരിൽ) അദ്ദേഹം (പ്രവാചകന്) വല്ല വാക്കും കെട്ടിച്ചമച്ച് പറഞ്ഞിരുന്നെങ്കിൽ

അല്ലാഹു അറിയിച്ചു കൊടുക്കുന്ന സന്ദേശത്തിന് വ്യത്യസ്തമായി പ്രവാചകൻﷺ പറഞ്ഞിരുന്നെങ്കിൽ... ഒരിക്കലും പ്രവാചകൻﷺ

അങ്ങനെ ചെയ്യുന്നവനല്ല

അദ്ദേഹത്തെ നാം വലതു കൈകൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചു കളയുകയും ചെയ്യുമായിരുന്നു

അപ്പോൾ നിങ്ങളിൽ ആർക്കും അദ്ദേഹത്തിൽ നിന്ന് (ശിക്ഷയെ) തടയാനാകില്ല
(സൂറത്ത് അൽഹാഖ 41 മുതൽ 47 വരെയുള്ള വചനങ്ങൾ)

അല്ലാഹുവിന്റെ പ്രവാചകന് പോലും ഖുർആനിൽ കൈകാര്യം ചെയ്യാൻ അല്ലാഹു അനുവാദം കൊടുത്തിട്ടില്ല എങ്കിൽ വേറെ ഒരാൾക്കും തന്നെ അതിന് അവകാശമില്ല.

എന്നാൽ മുഹമ്മദ് നബിക്ക്ﷺ മുൻപ് അവതരിക്കപ്പെട്ട വേദഗ്രന്ഥങ്ങളിൽ മനുഷ്യർ കൈകടത്തിയിട്ടുണ്ട് എന്നുള്ളതാണ് ശ്രദ്ധേയമായ കാര്യം.ആ വേദഗ്രന്ഥങ്ങളുടെ വാഹകരാണ് എന്ന് ജല്പിക്കുന്നവർ പോലും അത് അംഗീകരിക്കുന്നു. എന്നാൽ ഖുർആൻ ഇന്നും യാതൊരു വൈരുദ്ധ്യവുമില്ലാതെ ശുദ്ധമായി നിലനിൽക്കുന്നു. കാരണം അത് ലോകാവസാനം വരെ സംരക്ഷിക്കപ്പെടും എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്

തീർച്ചയായും നാമാണ് ഈ ഉൽബോധനം (ഖുർആൻ) അവതരിപ്പിച്ചത് തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതാണ്
(സൂറത്ത് അൽഹിജ്ർ 9)

സത്യനിഷേധികൾക്ക് ഇന്നും ഖുർആൻ ഒരു വെല്ലുവിളിയായി നിലനിൽക്കുന്നു

നമ്മുടെ ദാസന് (മുഹമ്മദ് നബി) നാം അവതരിപ്പിച്ചു കൊടുത്തതിനെ (വിശുദ്ധ ഖുർആനിനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേതുപോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടു വരിക. അല്ലാഹുവിന് പുറമേ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക നിങ്ങൾ സത്യവാന്മാരാണെങ്കിൽ.
(സൂറത്ത് അൽ ബഖറ 23)

അതേ ജനങ്ങളെ ഇതൊരിക്കലും ഒരു മനുഷ്യനാൽ മെനഞ്ഞടുക്കാൻ കഴിയുന്ന ഒന്നല്ല അതിനാൽ ചിന്തിക്കുക

അപ്പോൾ അവർ ഖുർആനിനെ കുറിച്ച് ഉറ്റാലോചിക്കുന്നില്ലേ? അതല്ല അവരുടെ ഹൃദയങ്ങളിൻമേൽ  പൂട്ടിട്ടിരിക്കുകയാണോ
(സൂറത്ത് മുഹമ്മദ് 24)

9

# പരലോക ജീവിതത്തെ നിഷേധിക്കുന്നു

ഇവർ കൊണ്ടുവന്ന മറ്റൊരു സംശയമാണ് നാം ഇവിടെ ജീവിച്ച് ഇവിടെ മരിക്കും, മരണശേഷം ഒരു ജീവിതമില്ല,അതിനൊന്നും അല്ലാഹുവിന് കഴിയില്ല എന്നത്. അവരുടെ നിഷേധത്തെക്കുറിച്ച് ഖുർആൻ പറയുന്നത് നോക്കുക

അവർ പറഞ്ഞു ജീവിതമെന്നാൽ നമ്മുടെ ഐഹിക ജീവിതം മാത്രമാകുന്നു നാം മരിക്കുന്നു, നാം ജീവിക്കുന്നു നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു.
(വാസ്തവത്തിൽ)അവർക്ക് അതിനെപ്പറ്റി യാതൊരു അറിവും ഇല്ല. അവർ ഊഹിക്കുക മാത്രമാകുന്നു.
(അൽ ജാസിയ 24)

വെറും ഊഹങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു വർത്തമാനം അല്ലാതെ മറ്റെന്താണ് അത്?
അതിനായി അവർക്ക് യാതൊരു തെളിവും നിരത്താൻ ഉണ്ടാകില്ല. ഈ വാദങ്ങളെ അല്ലാഹു ഖുർആൻ യാതൊരുപഴുതിനും ഇടയില്ലാതെ ഖണ്ഡിച്ചു.

മനുഷ്യരെ ഉയർത്തി എഴുന്നേൽപ്പിനെ പറ്റി നിങ്ങൾ സംശയത്തിൽ ആണെങ്കിൽ (ആലോചിച്ചു നോക്കുക) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും (ആദ്യം മനുഷ്യനായ ആദം നബിയുടെ സൃഷ്ടിപ്പ്) പിന്നീട് ബീജത്തിൽ നിന്നും പിന്നീട് ഭ്രൂണത്തിൽ നിന്നും അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ

വിശദമാക്കി തരാൻ വേണ്ടി. നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധി വരെ ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്തുകൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണ്ണ ശക്തി പ്രാപിക്കുന്നത് വരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിൽ ഉണ്ട്. അറിവുണ്ടായിരുന്നതിനുശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിൽ ഉണ്ട്.

ഭൂമി വരണ്ടു നീർജീവമായി കിടക്കുന്നതായി നിനക്ക് കാണാം എന്നിട്ട് അതിന്മേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളെയും അത് മുളപ്പിക്കുകയും ചെയ്യുന്നു
(സൂറത്ത് അൽഹജ്ജ് 5)

അല്ലാഹു എത്ര പരിശുദ്ധൻ! കേവലം ഒരു ബീജത്തിൽ നിന്നും കൃത്യമായി നിർണയിക്കപ്പെട്ട, പല ഘട്ടങ്ങളിലൂടെ പൂർണമായ ഉടലുള്ള ഒരു മനുഷ്യനായി നിന്നെ പുറത്തുകൊണ്ടുവരാൻ കഴിവുള്ള അല്ലാഹു,നീ മരണപ്പെട്ടതിനുശേഷം, വരണ്ടുണങ്ങിയ യാതൊരു അടയാളങ്ങളും ബാക്കിയില്ലാത്ത ഭൂമിയിലേക്ക് മഴപെയ്യിച്ചാൽ, ഭൂമിയെ പൊട്ടിച്ചുകൊണ്ട് സസ്യങ്ങളെ പുറത്തു കൊണ്ട് വരും പോലെ നിശ്ചയമായും നിങ്ങളെയും പുറത്തുകൊണ്ടുവരാൻ കഴിവുള്ളവനാണ്.

മറ്റൊരു സന്ദർഭത്തിൽ പറഞ്ഞു:
മനുഷ്യൻ വിചാരിക്കുന്നുവോ അവൻ വെറുതെ വിട്ടേക്കപ്പെടുമെന്ന്

അല്ല അവൻ ഈ ഭൂമിലോകത്ത് അല്ലാഹുവിനെ നിഷേധിച്ചു,

അവന്റെ കൽപ്പനകളെ കാറ്റിൽ പറത്തി, ഇസ്ലാമിനെ നിസ്സാരവൽക്കരിച്ച്, റസൂലിന്റെ വാക്കുകൾക്ക് ചെവി കൊടുക്കാതെ, കൊല്ലും കൊലയും വ്യഭിചാരവും അക്രമവും മോഷണവും മോശത്തരങ്ങളുമായി ജീവിച്ചു മരിച്ചാൽ.. എല്ലാം കഴിഞ്ഞു, അവൻ രക്ഷപ്പെട്ടു എന്നാണോ വിചാരിക്കുന്നത്

അല്ല ജനങ്ങളെ

അവൻ ശ്രവിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ?

പിന്നെ അവൻ ഒരു ഭ്രൂണമായി. എന്നിട്ട് അല്ലാഹു (അവനെ) സൃഷ്ടിച്ചു സംവിധാനിച്ചു

അങ്ങനെ അതിൽ നിന്നും ആണും പെണ്ണും ആകുന്ന രണ്ട് ഇണകളെ അവൻ ഉണ്ടാക്കി

അങ്ങനെയുള്ളവൻ മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവൻ അല്ലേ
(സൂറത്ത് അൽഖിയാമ 35 മുതൽ 40 വരെയുള്ള വചനങ്ങൾ)

അതേ അല്ലാഹു നിന്നെ പുറത്തു കൊണ്ടുവരാൻ കഴിവുള്ളവൻ തന്നെ! നിശ്ചയമായും നിന്റെ റബ്ബ് എല്ലാ കാര്യത്തിനും കഴിവുള്ളവൻ ആകുന്നു.

അതെന്തുകൊണ്ടെന്നാൽ അല്ലാഹു തന്നെയാണ് സത്യമായുള്ളവൻ അവൻ മരിച്ചവരെ ജീവിപ്പിക്കും അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാണ്.
(സൂറത്ത് അൽഹജ്ജ് 6)

മനുഷ്യരെ തീർച്ചയായും അല്ലാഹുവിൻറെ വാഗ്ദാനം സത്യമാകുന്നു

ഐഹികജീവിതം നിങ്ങളെ വഞ്ചിച്ചു കളയാതിരിക്കട്ടെ പരമവഞ്ചകനായ പിശാചും അല്ലാഹുവിൻറെ കാര്യത്തിൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ
(സൂറത്ത് ആൽഫാതിർ 5)

നിങ്ങൾ കുഴിമാടങ്ങളിൽ നിന്നും ഉയർത്തിയെഴുന്നേൽപ്പിക്കും എന്ന അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്. ഈ ലോകത്തെ സുഖാഡംബരങ്ങളോ, പിശാച് നിങ്ങളുടെ മനസ്സിലേക്ക് ഇട്ടു തരുന്ന സംശയങ്ങളോ നിങ്ങളെ വഞ്ചിച്ചു കളയാതിരിക്കട്ടെ.

# 10

# ഇസ്ലാം ജനങ്ങളെ ഏറ്റവും ശരിയായതിലേക്ക് ക്ഷണിച്ചു

ഉപദ്രവങ്ങൾ ഏൽക്കേണ്ടി വന്നിട്ട് കൂടി ഇസ്ലാമിലേക്ക് ആളുകൾ വന്നുകൊണ്ടേയിരുന്നു. എന്തെന്നാൽ ഇസ്ലാം നമ്മുടെ സൃഷ്ടാവിനാൽ അവതരിപ്പിക്കപ്പെട്ട മതമാണെന്നും അവരുടെ ദുനിയാവിലെയും പാരത്രിക ലോകത്തെയും രക്ഷയുടെ മാർഗം ഇതാണെന്നും അവർ മനസ്സിലാക്കി. അതുപോലെ ആ ജനത നിലനിന്നിരുന്ന മതത്തിൻറെ ദുരവസ്ഥ, അതിലെ മനുഷ്യരുടെ കൈ കടത്തൽ മൂലമുണ്ടായ ദോഷങ്ങൾ തുടങ്ങിയവ തിരിച്ചറിഞ്ഞു .

മനസ്സുകൾ തമ്മിൽ യാതൊരു ഐക്യവും ഇല്ല, വിശ്വാസമാണെങ്കിൽ ഏറ്റവും മോശമായത്,പ്രവർത്തനങ്ങൾ അങ്ങേയറ്റം വെറുക്കപ്പെട്ടത്, എന്തു ചെയ്യണം എന്തുചെയ്യാൻ പാടില്ല എന്നത് അറിയില്ല, മരണ ശേഷമുള്ള ജീവിതത്തെ കുറിച്ച് യാതൊരു ധാരണയുമില്ല, മൃഗങ്ങളെക്കാൾ മോശമായി ജീവിതം നയിച്ച ഒരു സമൂഹം.

എന്നാൽ അല്ലാഹുവിന്റെ പ്രവാചകൻ ഏറ്റവും ശരിയായതിലേക്ക് ജനങ്ങളെ നയിച്ചു. ഏറ്റവും വലിയ തിന്മ തന്നെ സൃഷ്ടിച്ചവനായ അല്ലാഹുവിൻറെ അവകാശങ്ങളിൽ കൃത്രിമം കാണിക്കൽ ആണെന്നും ഏറ്റവും വലിയ നന്മ ഏകനായ അല്ലാഹുവിൻറെ അവകാശങ്ങൾ വകവച്ചു കൊടുക്കൽ ആണെന്നും അവർക്ക് അറിയിച്ചു കൊടുത്തു.

മനുഷ്യരെ ഒരു ഉദാഹരണം ഇതാ വിവരിക്കപ്പെടുന്നു നിങ്ങളത് ശ്രദ്ധിച്ചു കേൾക്കുക തീർച്ചയായും അല്ലാഹുവിന് പുറമേ നിങ്ങൾ

വിളിച്ച് പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെ പോലും സൃഷ്ടിക്കുകയില്ല അതിനായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിൻറെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കുവാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ (സൂറത്ത് അൽഹജ്ജ് 73)

നിങ്ങൾ അല്ലാഹുവിനെ പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയും ആണ് ചെയ്യുന്നത്. അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും അവൻ ആരാധിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുക. നിങ്ങൾ അവങ്കലേക്കാണ് മടക്കപ്പെടുന്നത് (സൂറത്ത് അൽ അൻകബൂത് 17)

അല്ലാഹുവിന് പുറമെ നിങ്ങൾ ആരെയൊക്കെ വിളിച്ച് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല അവരാകട്ടെ സൃഷ്ടിക്കപ്പെടുന്നവരും ആണ്(സൂറത്ത് അന്നഹ്ൽ 20)

ഇത്തരം ഖുർആനിക വചനങ്ങളിൽ ഉൽബുദ്ധരാകാത്തവർ ആരുണ്ട്? സ്വയം വഴികേടിൽ ഉറച്ചു നിൽക്കണം എന്ന് ആഗ്രഹിച്ചവരല്ലാതെ!
അതുപോലെ മറ്റു ഖുർആനിക വചനങ്ങളിൽ നിന്നും അവർ പാഠം ഉൾക്കൊണ്ടു.

അങ്ങനെ അവർ നിലനിന്നിരുന്ന മതത്തിന്റെ പൊള്ളത്തരങ്ങൾ മനസ്സിലാക്കി ഇസ്ലാമിലേക്ക് കടന്നുവന്നു.ഇസ്ലാമിലേക്ക് പ്രവേശിച്ചതിലൂടെ എന്തെന്നില്ലാത്ത സന്തോഷവും സമാധാനവും

അവർ അനുഭവിച്ചു. മരണശേഷം ഉള്ള ശാശ്വത ജീവിതത്തിൽ,അവർക്ക് ലഭിക്കുവാൻ പോകുന്ന സ്വർഗ്ഗത്തെയും അതിലെ സുഖങ്ങളെയും ആലോചിക്കുമ്പോൾ, അവർക്കെതിരായുള്ള സത്യനിഷേധികളുടെ ഉപദ്രവം ഈ ദീനിൽ നിന്നും അവരെ തെറ്റിച്ചില്ല. ഇരുട്ടിലായിരുന്ന അവരുടെ ജീവിതം പ്രകാശപൂരിതമായി ജീവിതത്തിന് ഒരു വ്യക്തമായ ധാരണ വന്നു. അല്ലാഹു നന്മയും തിന്മയും വ്യക്തമാക്കി കൊടുത്തു. ജനങ്ങൾക്ക് ജീവിതത്തിന് ഉപകാരപ്രദമായ കാര്യങ്ങൾ അനുവദിച്ചു കൊടുത്തു അവർക്ക് ഉപദ്രവം ഉണ്ടാക്കുന്ന കാര്യങ്ങൾ നിഷിദ്ധമാക്കി.

ഖുർആനിലൂടെ അല്ലാഹു പറയുന്നു
അവരോട് അദ്ദേഹം (പ്രവാചകൻ) സദാചാരം കൽപ്പിക്കുകയും ദുരാചാരത്തിൽ നിന്ന് വിലയ്ക്കുകയും ചെയ്യുന്നു.നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേൽ ഉണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കി വയ്ക്കുകയും ചെയ്യുന്നു
(സൂറത്ത് അൽഅ'റാഫ് 157)

# 11

# ഇസ്ലാം ബഹുദൈവ വിശ്വാസത്തിന്റെ പഴുതുകൾ പൂർണമായും അടയ്ക്കുന്നു

സത്യനിഷേധികളുടെ പൊള്ളയായ ഇത്തരം സംശയങ്ങൾ സത്യവിശ്വാസികൾക്ക് യാതൊരു മാറ്റവും ഉണ്ടാക്കിയില്ല. എന്നാൽ ഇതൊക്കെ വിശ്വാസികളുടെ വിശ്വാസം വർദ്ധിപ്പിക്കുക മാത്രമാണ് ഉണ്ടായത്. ഇസ്ലാമിലേക്ക് ആളുകൾ കൂട്ടം കൂട്ടമായി പ്രവേശിക്കുവാൻ തുടങ്ങി. മദീനയും മക്കയും പൂർണമായും ഇസ്ലാമിന് കീഴടങ്ങി. ലോകത്തെ വിവിധ ഭാഗങ്ങളിലേക്ക് ഇസ്ലാം വ്യാപിച്ചു.ബഹുദൈവ വിശ്വാസത്തിലേക്ക് എത്തുന്ന വഴികൾ പോലും നിഷിദ്ധമാക്കുവാൻ ഉള്ള കൽപ്പന അല്ലാഹുവിങ്കൽ നിന്നുണ്ടായി. ഇതെല്ലാം നമുക്ക് ഹദീസ് ഗ്രന്ഥങ്ങളിലൂടെ മനസ്സിലാക്കാൻ കഴിയുന്നതാണ്.

കെട്ടി ഉയർത്തപ്പെട്ട ഖബറുകളും ആരാധിക്കപ്പെടുന്ന പ്രതിമകളും ഉന്മൂലനം ചെയ്യാൻ കൽപിക്കപ്പെട്ടു.

മഹാനായ പ്രവാചകന്റെ ﷺ സഹചാരിയും മദീനയുടെ ഭരണാധികാരിയുമായ അലിയ്യു ബിനു അബീ താലിബ് رضي الله عنه താബിഈ വര്യനായ അബുൽ ഹയ്യാജിനോട് رحمه الله പറഞ്ഞു: അല്ലാഹുവിന്റെ റസൂല് ﷺ എന്നെ നിയോഗിച്ച ഒരു കാര്യത്തിലേക്ക് ഞാൻ നിന്നെയും നിയോഗിക്കട്ടയോ?
ഒരു രൂപങ്ങളും നീ അവ നശിപ്പിക്കാതെയോ, ഉയർത്തപെട്ട ഒരു ഖബറും നീ അത് നിരപ്പാക്കാതെയോ വിട്ടേക്കരുത് എന്ന ദൗത്യത്തിലേക്ക്.

(മുസ്ലിം 979)

പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പ്രീതി ഉദ്ദേശിക്കുന്നതിന് പകരം പൂർണമായും അല്ലാഹുവിന്റെ പ്രീതിയിലേക് ആകുവാൻ മനസ്സുകളെ പാകപ്പെടുത്തി
മഹ്മൂദ് ബിൻ ലബീദിൽرضي الله عنه الله عنه നിന്നും നിവേദനം :തിരു ദൂതർ ﷺ പറഞ്ഞു: നിശ്ചയമായും നിങ്ങളിൽ ഞാൻഏറ്റവും അധികം ഭയപ്പെടുന്നത് ചെറിയ ശിർക്ക് ആകുന്നു!സ്വഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേﷺ എന്താണ് ചെറിയ ശിർക്ക് പറഞ്ഞു : രിയാ'( ജനങ്ങളെ കാണിക്കുവാൻ വേണ്ടി സൽകർമ്മങ്ങൾ പ്രവർത്തിക്കൽ)
( മുസ്നദ് അഹ്മദ് 23630,23631)

ദാനധർമങ്ങൾ ജനങ്ങളെ കാണിക്കുവാനായി ചെയ്യുന്നതിനെ ഖുർആനിലൂടെ പ്രത്യേകം താക്കീത് നൽകിയ വചനം നോക്കൂ

സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തുപറഞ്ഞ് കൊണ്ടും, ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങള് നിങ്ങളുടെ ദാനധര്മ്മങ്ങളെ നിഷ്ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ, ജനങ്ങളെ കാണിക്കുവാന് വേണ്ടി ധനം ചെലവ് ചെയ്യുന്നവനെപ്പോലെ നിങ്ങളാകരുത്. അവനെ ഉപമിക്കാവുന്നത് മുകളില് അല്പം മണ്ണ് മാത്രമുള്ള മിനുസമുള്ള ഒരു പാറയോടാകുന്നു. ആ പാറ മേല് ഒരു കനത്ത മഴ പതിച്ചു. ആ മഴ അതിനെ ഒരു മൊട്ടപ്പാറയാക്കി മാറ്റിക്കളഞ്ഞു. അവര് അദ്ധ്വാനിച്ചതിന്റെ യാതൊരു ഫലവും കരസ്ഥമാക്കാന് അവര്ക്ക് കഴിയില്ല. അല്ലാഹു സത്യനിഷേധികളായ ജനതയെ നേര് വഴിയിലാക്കുകയില്ല
(സൂറത്ത് അൽബഖറ 264)

അല്ലാഹുവിന്റെ പ്രവാചകരെﷺ പരിധി വിട്ട് പുകഴ്ത്തുന്നത് നിഷിദ്ധമാക്കി എന്തെന്നാൽ മുൻഗാമികൾ വഴിതെറ്റി സഞ്ചരിക്കുവാൻ ഉണ്ടായ ആദ്യത്തെ കാരണം നല്ലവരായ ആളുകളിൽ ഉള്ള അതിരുകവിച്ചിൽ ആയിരുന്നു

അനസ് رضي الله عنه -വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: ചില ആളുകൾ നബിയെ ﷺ പുകഴ്ത്തിക്കൊണ്ട് അവിടുത്തോട് ഇപ്രകാരം പറയുകയുണ്ടായി: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളിലെ ഉത്തമനേ, ഉത്തമ പരമ്പരയിൽ പെട്ടവനേ..

ഇത് കേട്ട തിരുദൂതർ ﷺ അവരോട് പറഞ്ഞു: ജനങ്ങളേ,നിങ്ങളുടെ മതംനിങ്ങളെ അനുശാസിച്ചത് പറയുക.ശൈത്വാൻ നിങ്ങളിൽ ദുഷ്പ്രേരണനടത്താതിരിക്കട്ടെ.

അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനുമായ മുഹമ്മദാകുന്നു ഞാൻ. അല്ലാഹു എന്നെ ഉയർത്തുന്നതിനുമേൽ നിങ്ങളെന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല
(മുസ്നദ് അഹ്മദ്13596)

അല്ലാഹുവിന്റെ പ്രവാചകൻ, സൃഷ്ടികളിൽ തന്നെ ഉത്തമൻ ആണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ തന്റെ കാര്യത്തിൽ ജനങ്ങൾ അതിരു കവിയുമോ എന്ന ഭയമായിരിക്കാം തിരുദൂതരെ ﷺ ഇത്തരത്തിൽ ഒരു താക്കീതിലേക്ക് പ്രേരിപ്പിച്ചത് അതുകൊണ്ടുതന്നെയാണ് പ്രവാചകൻﷺ തന്റെ മരണ ശയ്യയിൽ പോലും ഖബറുകളുടെ വിഷയത്തിൽ ഉള്ള അതിരു കവിച്ചിലിനെ അതിശക്തമായി വിലക്കിയത്

അൽ ഇമാം മാലിക് തന്റെ മുവത്വയിൽ നിവേദനം ചെയ്തത്,

അല്ലാഹുവിന്റെ റസൂൽ പറഞ്ഞു : അല്ലാഹുവേ,എന്റെ ഖബ്റിനെ ആരാധിക്കപ്പെടുന്ന ഒരു ബിംബമാക്കരുതെ!.
തങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻമാരുടെ ഖബ്റകളെ പള്ളികളായി സ്വീകരിച്ച ജനവിഭാഗത്തിന് മേൽ അല്ലാഹുവിന്റെ കോപം കഠിനമാകട്ടെ!
(മുവത്വ 182/1)(സ്വഹീഹ് ലി ഗൈരിഹി)

# 12

# ചരിത്രം ആവർത്തിക്കപ്പെടുന്നു

ഇസ്ലാം പരിപൂർണമായി. നന്മയും തിൻമയും വ്യക്തമായതോടൊപ്പം ജനങ്ങൾക്ക് എങ്ങനെയാണ് ജീവിക്കേണ്ടത് എന്നതിന് വ്യക്തമായ ധാരണ വന്നു. ശേഷം മഹാനായ പ്രവാചകനിﷺൽ നിന്നും തങ്ങളുടെ ആത്മാവിനെ അല്ലാഹു വേർപെടുത്തി.

ഈ ജനതക്ക് ബാധിച്ചതിൽ വെച്ച് എറ്റവും പ്രയാസകരമായ വിപത്തായിരുന്നു തിരുദൂതരുടെﷺ വിടവാങ്ങൽ. മദീന പൂർണമായും ഇരുട്ടിലായി. സ്വഹാബിവര്യർ ദുഃഖത്തിലാണ്ടു. എന്നിരുന്നാലും പ്രവാചകൻﷺ ഉത്തമമായ ഒരു സമൂഹത്തെ വാർത്തെടുത്തതിന് ശേഷമാണ് ഈ ലോകത്തോട് വിടപറഞ്ഞത് എന്നതാണ് ആശ്വാസകരമായിരുന്നത്. അവർ ഈ ദീനിനെ മുറുകെപ്പിടിച്ചു പ്രവാചകന്റെ പാത അതേപടി പിന്തുടരുക വഴി പിൻഗാമികൾക്ക് ഉത്തമ മാതൃകയായി.

പക്ഷെ ചരിത്രം ആവർത്തിക്കപ്പെട്ടു.തിരുദൂതർﷺ എന്താണോ ഈ ജനതയിൽ ഭയപ്പെട്ടത് അത് സംഭവിച്ചു!

പിൽക്കാലത്ത് വന്ന തലമുറ പ്രവാചകന്റെﷺ വാക്കുകളെ കാറ്റിൽ പറത്തി.പുരോഹിത വർഗ്ഗം ജനങ്ങളെ നാശത്തിന്റെ പടുകുഴിയിലേക്ക് തള്ളിയിട്ടു.ഖബറിടങ്ങ ൾഅലങ്കരിക്കപ്പെട്ടു. മരണപ്പെട്ടവർ ആവശ്യങ്ങൾ നടത്തുന്നവരാണെന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തി. അല്ലാഹുവിനോട് മാത്രം ആരാധന നടത്തിയിരുന്ന പ്രവാചകനുംﷺ അനുയായികളും,

നശിച്ചവരായ ഈ ജനതയ്ക്ക് ആരാധ്യവസ്തുക്കളായി മാറി. അല്ലാഹുവിന് മാത്രം അവകാശപെട്ട കാര്യങ്ങൾ സൃഷ്ടികളിലേക്ക് തിരിക്കപ്പെട്ടു.
മണ്മറഞ്ഞവർ മഹാന്മാരാണ് മരണപ്പെട്ടാലും അവർ കേൾക്കും കാണും ഈ ലോക ജീവിതത്തിൽ നമ്മെ സഹായിക്കും... തുടങ്ങിയ വിശ്വാസങ്ങൾ പണ്ഡിത വർഗ്ഗം ജന മനസ്സുകളിൽ കുത്തിനിറച്ചു.

മറ്റുചിലർ ഏകദൈവാരാധനയിൽ കൈകടത്തിയിട്ടില്ലെങ്കിലും പ്രവാചകൻﷺ പഠിപ്പിച്ച മറ്റു വിഷയങ്ങളിൽ കൃത്രിമം കാണിച്ചു. അല്ലാഹുവിനെ മറന്ന് ജീവിക്കുന്ന അവസ്ഥ!
മുൻഗാമികൾക്ക് സംഭവിച്ചതുപോലെ തന്നെ പല മോശത്തരങ്ങൾ അവരിലും പ്രകടമായി. ജനജീവിതം ഇരുട്ടിലായി.

എന്നാൽ അല്ലാഹുവിൻറെ വാഗ്ദാനം തകർക്കപ്പെടുന്നതല്ല. അല്ലാഹു ഈ മതത്തെ സംരക്ഷിച്ചു പ്രവാചകരെയും അദ്ദേഹത്തിൻറെ മാർഗ്ഗത്തെയും പിൻപറ്റി ശുദ്ധമായ ഏകദൈവാരാധനയിൽ ജീവിക്കുന്ന ഒരു ന്യൂനപക്ഷത്തെ അല്ലാഹു ഈ ലോകത്ത് നിലനിർത്തി.

ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു

സൗബാനിൽ رضي الله عنه നിന്നും നിവേദനം അദ്ദേഹം പറഞ്ഞു നബി ﷺ അരുളി: എന്റെ സമുദായത്തിൽ നിന്നും ഒരു വിഭാഗം അന്ത്യനാൾ വരെയ്ക്കും സത്യത്തിൽ പ്രകടമായി നിലകൊള്ളും. അവരെ എതിർക്കുന്നവരാരും അവർക്ക് ഒരു ഉപദ്രവവും വരുത്തുകയില്ല. (സ്വഹീഹ് മുസ്ലിം 1920)

ഹദീസ് നിവേധകരിൽ ശ്രേഷ്ഠനായ ഇമാം ബുഖാരി പറഞ്ഞു: അങ്ങനെ സത്യത്തിൽ പ്രകടമായി നിലകൊള്ളുന്ന ആളുകൾ

പണ്ഡിതന്മാരാകുന്നു.

പിൽക്കാലഘട്ടത്തിൽ ജനങ്ങൾ വഴിതെറ്റി സഞ്ചരിക്കും എന്നത് പ്രവാചകനിലൂടെﷺ അല്ലാഹു അറിയിച്ചതിനാൽ വിശ്വാസികളുടെ വിശ്വാസം വർധിക്കുക മാത്രമാണ് ഉണ്ടായത്.

അബൂ സഈദി رضي الله عنه ൽ നിന്ന് നിവേദനം നബി ﷺ പറഞ്ഞു: "നിശ്ചയം നിങ്ങൾ നിങ്ങളുടെ മുൻഗാമികളുടെ പാത പിന്തുടരുക തന്നെ ചെയ്യും. ചാണിന് ചാണായും മുഴത്തിന് മുഴമായും, എത്രത്തോളമെന്നാൽ അവർ ഒരു ഉടുമ്പിന്റെ മാളത്തിലാണ് പ്രവേശിച്ചിരുന്നതെങ്കിൽ അവരെ പിൻപറ്റി നിങ്ങളും അതിൽ പ്രവേശിക്കുന്നതാണ് അപ്പോൾ ഞങ്ങൾ അദ്ദേഹത്തോട് ചോദിച്ചു: അല്ലാഹുവിൻറെ റസൂലേ അവർ ജൂതന്മാരും ക്രൈസ്തവരും ആണോ? നബിﷺ പ്രത്യുത്തരം നൽകി: അവരല്ലാതെ പിന്നെ ആരാണ്?
(മുസ്നദ് അഹ്മദ് 10827)

മറ്റൊരു സന്ദർഭത്തിൽ അല്ലാഹുവിൻറെ പ്രവാചകൻﷺ ഇപ്രകാരം പറഞ്ഞു:

ഇർബാദ് ബിനു സാരിയിൽ رضي الله عنه നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: നിങ്ങളിൽ എനിക്ക് ശേഷം ജീവിക്കുന്നവൻ ആരാണോ അവൻ ദീനിൽ ഒരുപാട് വൈരുദ്ധ്യങ്ങൾ കാണുക തന്നെയുണ്ടാകും. ആകയാൽ നിങ്ങൾ എന്റെ ചര്യയും സന്മാർഗത്തിൽ ആക്കപ്പെട്ടതും നന്മയിലേക്ക് നയിക്കുന്നവരുമായ ഖലീഫമാരുടെ ചര്യയും പിൻപറ്റുക. നിങ്ങൾ അത് മുറുകെ പിടിക്കുക അണപ്പല്ലുകൊണ്ട് അതിൽ കടിച്ചു പിടിക്കുക. (സുനൻ അബീ ദാവൂദ് 4607)

ദീനിൽ പുതുതായി ഇനി ഒരു പ്രവാചകൻ വരാനില്ലാത്തതിനാൽ തന്നെ സത്യസന്ധരായ മതബോധമുള്ള അറിവുള്ള പണ്ഡിതന്മാർ പ്രബോധന ദൗത്യം ഏറ്റെടുത്തു. കാരണം അവരാണ് പ്രവാചകന്മാരിൽ നിന്നും അനന്തരം എടുത്തത്

അബൂദർദാ' رضي الله عنه ന്റെ ഹദീസിൽ നിന്നും അല്ലാഹുവിൻറെ റസൂൽﷺ പറഞ്ഞു: തീർച്ചയായും പണ്ഡിതന്മാർ നബിമാരുടെ അനന്തരാവകാശികൾ ആകുന്നു. എന്തെന്നാൽ നബിമാർعليهم السلام സ്വർണ്ണനാണയങ്ങളോ വെള്ളിനാണയങ്ങളോ അനന്തരമായി വിട്ടേച്ച് പോയിട്ടില്ല, മറിച്ചവർ വിട്ടേച്ചു പോയിട്ടുള്ളത് ദീനുമായി ബന്ധപ്പെട്ട വിജ്ഞാനമാണ്. അതിനാൽ അതിൽ നിന്നെടുത്തവൻ വമ്പിച്ച ഒരു വിഹിതം തന്നെയാണ് കരസ്ഥമാക്കുക
(സുനൻ അബീ ദാവൂദ് 3641)

എന്നാൽ അവർക്കും ഈ സത്യത്തിലേക്ക് ക്ഷണിച്ചതിന്റെ പേരിൽ ഉപദ്രവങ്ങളും ആരോപണങ്ങളും പല രീതിയിൽ നേരിടേണ്ടിവന്നു. കാളവണ്ടിയിൽ വലിച്ചിഴയ്ക്കപ്പെട്ടവർ, വർഷങ്ങളോളം ജയിലിൽ അടയ്ക്കപ്പെട്ടവർ, അങ്ങനെ പലരീതിയിൽ ഇന്നും സത്യത്തിന്റെ ആളുകൾ ആക്രമിക്കപ്പെടുന്നു. എല്ലാം ഒരു തുടർച്ച പോലെ.

പരീക്ഷണങ്ങൾ സത്യവിശ്വാസികളുടെ ജീവിതത്തിലേക്ക് കടന്നുവരുമ്പോഴൊക്കെ അവരുടെ വിശ്വാസം വർധിക്കുകയാണ് ഉണ്ടായത്.

# 13

# ഇസ്ലാമിനെ മുറുകെപ്പിടിക്കൂ നിങ്ങൾക്ക് വിജയം കൈവരിക്കാം

ഒരു മനുഷ്യന്റെ വിജയത്തിന്റെ വഴി ഇസ്ലാമല്ലാതെ മറ്റൊന്നുമല്ല എന്ന് നിങ്ങൾക്ക് മനസ്സിലായതാണല്ലോ?

അല്ലാഹു പറഞ്ഞത് പോലെ:
തീർച്ചയായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്ലാം ആകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് അറിവ് വന്നു കിട്ടിയശേഷം തന്നെയാണ് ഭിന്നിച്ചത് അവർ തമ്മിലുള്ള കക്ഷിമാത്സര്യം നിമിത്തം അത്രേ അത്. വല്ലവരും അല്ലാഹുവിന്റെ തെളിവുകൾ നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു അതിവേഗം കണക്ക് ചോദിക്കുന്നവനാകുന്നു.
(വിശുദ്ധ ഖുർആൻ: സൂറത്ത് ആലു ഇംറാൻ 19)

ഈ മാർഗത്തെ മുറുകെ പിടിക്കണം എന്ന് വിനയത്തിന്റെ ഭാഷയിൽ നിങ്ങളോട് ഞാൻ ഉപദേശിക്കുന്നു. ഈ ആദർശത്തെ സ്വീകരിക്കുന്നത് വഴി ജീവിതത്തിന്റെ യഥാർത്ഥ ആസ്വാദനത്തിലേക്ക് നിങ്ങൾക്ക് കടക്കാം. എന്നാൽ നീ ഇപ്പോൾ ഉള്ള അവസ്ഥയിൽ തുടരുവാൻ ആണ് ആഗ്രഹിക്കുന്നതെങ്കിൽ ഓർക്കുക!
സർവ സുഖങ്ങളും മുറിച്ചു കളയുന്ന ഒരു അതിഥി നിനക്ക് വരാനുണ്ട് ,മരണം എന്ന അതിഥി! ഏത് മാളത്തിൽ പോയി ഒളിച്ചാലും അത് നിന്നെ തേടിയെത്തും.

നിങ്ങൾ എവിടെയായിയിരുന്നാലും മരണം നിങ്ങളെ

പിടികൂടുന്നതാണ്. നിങ്ങൾ ഭദ്രമായി കെട്ടി ഉയർത്തപ്പെട്ട കോട്ടകൾക്കുള്ളിൽ ആയാൽ പോലും.
(വിശുദ്ധ ഖുർആൻ: സൂറത്ത് അന്നിസാ' 78)

മരണം ഉറപ്പായ ഈ സാഹചര്യത്തിൽ നീ ആശിച്ചു പോകുന്നതാണ്!

അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ അവൻ പറഞ്ഞു പോകും: എന്റെ റബ്ബേ എന്നെ ( ജീവിതത്തിലേക്ക് ) തിരിച്ചയക്കേണമേ.
(വിശുദ്ധ ഖുർആൻ:സൂറത്ത് അൽമു'മിനീൻ 99)

എന്തിനുവേണ്ടിയാണ് നീ കേണപേക്ഷിക്കുന്നത് ?ഈ ലോകജീവിതം ഒന്നു കൂടി ആസ്വദിക്കാനാണോ? അതല്ല നിന്റെ കൂട്ടുകാരോടൊപ്പം ഉള്ള കൂടിക്കാഴ്ചയ്ക്കാണോ? അതോ മറ്റെന്തെങ്കിലും മോശത്തരങ്ങൾ ചെയ്തു തീർക്കുവാൻ ആണോ?
അല്ല!അല്ല, ഒരിക്കലുമല്ല പിന്നെയോ?

ഞാൻ ഉപേക്ഷ വരുത്തിയിട്ടുള്ള കാര്യത്തിൽ എനിക്ക് നല്ല നിലയിൽ പ്രവർത്തിക്കുവാൻ കഴിയത്തക്ക വിധം.
(വിശുദ്ധ ഖുർആൻ:സൂറത്ത് അൽമു'മിനീൻ100)

അതെ നിന്റെ പ്രവർത്തനം ഒന്നു നന്നാക്കുവാൻ,അല്ലാഹുവിൻറെ കല്പന അനുസരിച്ച് ജീവിക്കുവാൻ ഒരു അവസരം കേണപേക്ഷിക്കുകയാണ്. എന്നാൽ നിനക്ക് യാതൊരു രക്ഷയുമില്ല!

ഒരിക്കലുമില്ല! അതൊരു വെറും വാക്കാണ്. അത് അവൻ പറഞ്ഞുകൊണ്ടേയിരിക്കും. അവരുടെ പിന്നിൽ അവൻ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസം വരെ ബർസഖിലായിരിക്കുന്നതാണ്.

(വിശുദ്ധ ഖുർആൻ:സൂറത്ത് അൽമു'മിനീൻ 101)

(ബർസഖ്:ഖബർജീവിതം അഥവാ ഇഹലോകത്തിനും പരലോകത്തിനും ഇടയിൽ ഉള്ള വാസസ്ഥലം)

നിന്റെ മരണം എപ്രകാരമാണെന്ന് നീ നോക്കുക

അപ്പോൾ മലക്കുകൾ അവരുടെ മുഖത്തും പിൻഭാഗത്തും അടിച്ചു കൊണ്ട് അവരെ മരിപ്പിക്കുന്ന സന്ദർഭത്തിൽ എന്തായിരിക്കും അവരുടെ സ്ഥിതി!
(വിശുദ്ധ ഖുർആൻ:സൂറത്ത് മുഹമ്മദ്: 27)

വല്ലാത്തൊരു അവസ്ഥ തന്നെ !ഇനിയൊരു തിരിച്ചുവരവില്ല ,എല്ലാം കഴിഞ്ഞു. നീ കഷ്ടപ്പെട്ട് നേടിയെടുത്ത സമ്പാദ്യം, നിന്റെ ഭാര്യ, മക്കൾ,കൂട്ടുകാർ എല്ലാം നിന്നിൽ നിന്ന് മുറിച്ചുമാറ്റപ്പെട്ടു.

തീർന്നില്ല ബർസഖിൽ
(ഖബർ ജീവിതം അഥവാ ഇഹലോകത്തിനും പരലോകത്തിനും ഇടയിൽ ഉള്ള വാസസ്ഥലത്തിൽ)നിന്റെ അവസ്ഥ അങ്ങേയറ്റം മോശമായിരിക്കും.
നരകത്തിൽ നിന്നും നിനക്കായി വിരിപ്പ് വിരിക്കപ്പെടും, നരകത്തിന്റെ വാതിൽ നിന്റെ മുന്നിൽ തുറക്കപ്പെടും,നരകത്തിൽ നിന്നുമുള്ള ചൂടുകാറ്റ് നിന്റെ ഖബറിലേക്ക് എത്തും. ആ ഖബർ അങ്ങേയറ്റം ഇടുങ്ങിയതാകും, ദുർഗന്ധമുള്ള മോശമായ ഒരു രൂപം നിന്നിലേക്ക് വരും. നീ അതിനോടായി ചോദിക്കും ആരാണ് താങ്കൾ?
ആ രൂപം പറയും:നീ ചെയ്തുകൂട്ടിയ മോശമായ പ്രവർത്തനങ്ങളാണ്
(മുസ്നദ് അഹമ്മദ് 18534)

പിന്നീട് ലോകാവസാനത്തിനായി അല്ലാഹുവിൻറെ കല്പന

വരികയായി

ഭൂമി കിടുകിടാ വിറപ്പിക്കപ്പെടുകയും,

പർവ്വതങ്ങൾ ഇടിച്ച് പൊടിയാക്കപ്പെടുകയും.

അങ്ങനെ അത് പാറിപ്പറക്കുന്ന ധൂളി ആയിത്തീരും.
(വിശുദ്ധ ഖുർആൻ :സൂറത്ത് അൽവാഖിഅ: 4 മുതൽ 6 വരെയുള്ള വചനങ്ങൾ)

കാഹളത്തിൽ ഊതപ്പെടും.അപ്പോൾ അവർ ഖബറുകളിൽ നിന്ന് അവരുടെ റബ്ബിലേക്ക് കുതിച്ച് ചെല്ലും.

അവർ പറയും: നമ്മുടെ നാശമേ! നമ്മുടെ ഉറക്കത്തിൽ നിന്ന് നമ്മെ എഴുന്നേൽപ്പിച്ചതാരാണ്? ഇത് വാഗ്ദാനം ചെയ്തതാണല്ലോ. ദൈവദൂതന്മാർ സത്യം തന്നെയാണ് പറഞ്ഞത്.

അത് ഒരൊറ്റ ഘോര ശബ്ദം മാത്രമായിരിക്കും. അപ്പോഴതാ അവർ ഒന്നടങ്കം നമ്മുടെ അടുക്കൽ ഹാജരാക്കപ്പെടുന്നു.
(വിശുദ്ധ ഖുർആൻ സൂറത്ത് യാസീൻ 51 52 53 വചനങ്ങൾ)

അങ്ങനെ ലോകങ്ങളുടെ റബ്ബിന്റെ അടുക്കലേക്ക് എല്ലാവരും ഭയവിഹ്വലരായി എത്തുന്നതാണ്. ഒന്നാമത്തെ മനുഷ്യനായ ആദം മുതൽ എല്ലാ സൃഷ്ടികളും അല്ലാഹുവിൻറെ വിചാരണാകോടതിയിലേക്ക് എത്തും.

നീ ഇപ്പോൾ കാണുന്നവനും കേൾക്കുന്നവനും ആണ്. എന്നാൽ നാളെ നിന്റെ അവസ്ഥയെന്താകും?

ഉയർത്തി എഴുന്നേൽപ്പിന്റെ നാളിൽ മുഖം നിലത്ത് കുത്തിയവരായി കൊണ്ടും അന്ധരും ഊമകളും ബധിരരും ആയിക്കൊണ്ടും നാം അവരെ ഒരുമിച്ച് കൂട്ടുന്നതാണ്.
( വിശുദ്ധ ഖുർആൻ സൂറത്ത് അൽ ഇസ്റാ' 97)

(പരലോകത്ത് വ്യത്യസ്ത അവസ്ഥകളാണ് അതിൽ ചില സ്ഥാനങ്ങളിൽ നിഷേധികൾ അന്ധരും ബധിരരും ആയിത്തീരും)
എന്തേ നീ അന്ധനും ബധിരനും ആയിപ്പോയത്? ഈ ലോകത്ത് നിനക്ക് കണ്ണുകൾ ഉണ്ടായിട്ടും നീ കണ്ടില്ല, സത്യത്തിന് ചെവി കൊടുത്തുമില്ല, ഹൃദയമാകട്ടെ ഇരുട്ടിലും ആയിരുന്നു .ഇനി ആരെങ്കിലും നിന്നെ സഹായിക്കാൻ ഉണ്ടാകുമോ എന്ന നെട്ടോട്ടമാണ്!

നിന്റെ പ്രയാസങ്ങളിൽ നിന്നോടൊപ്പം ഉണ്ടാകും എന്ന് കരുതി നീ ആരാധിച്ചവർ എവിടെ?

നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കൂ എന്ന് (ബഹുദൈവവാദികളോട്) പറയപ്പെടും അപ്പോൾ ഇവർ അവരെ വിളിക്കും. എന്നാൽ അവർ (പങ്കാളികൾ) ഇവർക്ക് ഉത്തരം നൽകുന്നതല്ല. ശിക്ഷ ഇവർ നേരിൽ കാണുകയും ചെയ്യും.
(വിശുദ്ധ ഖുർആൻ:സൂറത്ത് അൽ ഖസസ് 64)

വഴികേടിൽ ഉറപ്പിച്ചു നിർത്തിയ നിന്റെ നേതാക്കന്മാർ?

പിന്തുടരപ്പെട്ടവർ (നേതാക്കൾ) പിന്തുടർന്നവരെ (അനുയായികളെ) വിട്ട് ഒഴിഞ്ഞുമാറുകയും, ശിക്ഷ നേരിൽ കാണുകയും അവർ( ഇരുവിഭാഗവും) തമ്മിലുള്ള ബന്ധങ്ങൾ അറ്റുപോകുകയും ചെയ്യുന്ന സന്ദർഭമത്രെ അത്.
(സൂറത്ത് അൽബഖറ 166)

അതെ, നീ സത്യം മനസ്സിലാക്കിയപ്പോൾ അവരാണ് നിനക്ക് സംശയമുണ്ടാക്കിയത്. അവർ നിന്നെ സഹായിക്കും എന്ന് നീ പ്രതീക്ഷിച്ചു .പക്ഷേ അവർ ഇവിടെ നിന്നെ കയ്യൊഴിഞ്ഞു .പിശാച് ഉൾപ്പെടെ

കാര്യം തീരുമാനിക്കപ്പെട്ടു കഴിഞ്ഞാൽ പിശാച് പറയുന്നതാണ്: തീർച്ചയായും അല്ലാഹു നിങ്ങളോട് ഒരു വാഗ്ദാനം ചെയ്തു. സത്യവാഗ്ദാനം.ഞാനും നിങ്ങളോട് വാഗ്ദാനം ചെയ്തു എന്നാൽ നിങ്ങളോട് ഞാൻ ചെയ്ത വാഗ്ദാനം ഞാൻ ലംഘിച്ചു എനിക്ക് നിങ്ങളുടെമേൽ യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. ഞാൻ നിങ്ങളെ ക്ഷണിച്ചു. അപ്പോൾ നിങ്ങൾ എനിക്ക് ഉത്തരം നൽകി എന്ന് മാത്രം. ആകയാൽ,നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ട നിങ്ങൾ നിങ്ങളെത്തന്നെ കുറ്റപ്പെടുത്തുക. എനിക്ക് നിങ്ങളെ സഹായിക്കാൻ ആവില്ല നിങ്ങൾക്ക് എന്നെയും സഹായിക്കാനാവില്ല. മുമ്പ് നിങ്ങൾ എന്നെ പങ്കാളിയാക്കിയിരുന്നതിനെ ഞാനിതാ നിഷേധിച്ചിരിക്കുന്നു. തീർച്ചയായും അക്രമികൾ ആരോ അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്."
(സൂറത്ത് ഇബ്റാഹീം 22)

ആരും തന്നെ സഹായിക്കാൻ ഇല്ലാത്ത അവസ്ഥ! അല്ലാഹുവിൻറെ കല്പന അനുസരിച്ചിരുന്നെങ്കിൽ! റസൂലിന്റെ മാർഗ്ഗം സ്വീകരിച്ചിരുന്നെങ്കിൽ!

അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം!അവൻ പറയും റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.എന്റെ കഷ്ടമേ ഇന്നയാളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.എനിക്ക് ബോധനം വന്നു കിട്ടിയതിനുശേഷം

അതിൽനിന്ന് അവൻ എന്നെ തെറ്റിച്ചു കളഞ്ഞുവല്ലോ.

(വിശുദ്ധ ഖുർആൻ: സൂറത്ത് അൽഫുർഖാൻ 27 28 29 വചനങ്ങൾ)
അതെ അല്ലാഹുവിൻറെ ചൊവ്വായ മാർഗം അറിഞ്ഞപ്പോൾ, ഞാൻ അതിനെ സ്വീകരിക്കുന്നതിനായി ഒരുങ്ങിയ ആ സാഹചര്യത്തിൽ അവൻ എന്നെ അതിൽ നിന്ന് പല കാര്യങ്ങളും പറഞ്ഞുകൊണ്ട് തടഞ്ഞുനിർത്തി.
ആ ഭയങ്കരമായ ശിക്ഷ നേരിൽ കാണുന്ന സാഹചര്യത്തിൽ നിന്റെ ആയുസ്സ് മുഴുവൻ ചെലവഴിക്കപ്പെട്ടതായ മക്കൾ ഭാര്യ കുടുംബങ്ങൾ ഒന്നിനേയും വേണ്ടാത്ത അവസ്ഥയിലേക്ക് കാര്യങ്ങളെത്തും. എങ്ങനെയെങ്കിലും രക്ഷപ്പെടണം. അതുമാത്രം ആയിരിക്കും നിന്റെ ലക്ഷ്യം. മാതാപിതാക്കളെയും മക്കളെയും പ്രായശ്ചിത്തമായി നൽകി സ്വയം രക്ഷപ്പെടാൻ നീ തയ്യാറാകും.

തന്റെ മക്കളെ പ്രായശ്ചിത്തമായി നൽകിക്കൊണ്ട് ആ ദിവസത്തെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് കുറ്റവാളി ആഗ്രഹിക്കും. തന്റെ ഭാര്യയെയും, സഹോദരനെയും, തനിക്ക് അഭയം നൽകിയിരുന്ന തന്റെ ബന്ധുക്കളെയും, ഭൂമിയിലുള്ള മുഴുവൻ ആളുകളെയും(പകരമായി നൽകിക്കൊണ്ട്). എന്നിട്ട് അതവനെ രക്ഷപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ എന്ന്.
(വിശുദ്ധ ഖുർആൻ:സൂറത്ത് അൽമആരിജ് 11 മുതൽ 14 വരെയുള്ള വചനങ്ങൾ)

ആരെ വേണമെങ്കിലും ശിക്ഷിച്ചോളൂ ,എന്നെ ഒന്ന് രക്ഷപ്പെടുത്തിയാൽ മതി .
എന്നാൽ അതൊക്കെ നിൻറെ വ്യാമോഹങ്ങൾ മാത്രം ,അന്ന് നിനക്ക് യാതൊന്നും പ്രയോജനപ്പെടുകയില്ല!

അന്നേദിവസം സ്വത്തോ സന്താനങ്ങളോ അവനു പ്രയോജനപ്പെടുകയില്ല.
(വിശുദ്ധ ഖുർആൻ:സൂറത്ത് അശ്ശുഅറാ 88)

ഇപ്പോൾ ഞങ്ങൾക്ക് ശുപാർശക്കാരായി ആരുമില്ല, ഉറ്റ സുഹൃത്തുമില്ല.
(വിശുദ്ധ ഖുർആൻ: സൂറത്ത് അശ്ശുഅറാ101)

അതെ ,ആരുമില്ലാത്ത അവസ്ഥ! ഒന്നും പ്രയോജനപ്പെടാത്ത അവസ്ഥ! മാതാപിതാക്കൾ, മക്കൾ, സുഹൃത്തുക്കൾ, സമ്പാദ്യം ,അധികാരം ഒന്നും തന്നെ സഹായിക്കാൻ ഉണ്ടാകില്ല ,നിന്റെ കർമ്മങ്ങൾ അല്ലാതെ. അങ്ങനെ നിന്റെ കർമ്മങ്ങൾ നിന്റെ പിൻഭാഗത്ത് കൂടി ഇടതു കൈയിലേക്ക് നൽകപ്പെട്ടാൽ!!

അവർ പറയും: ഓഹ് ഞങ്ങൾക്ക് നാശം ഇതെന്തൊരു രേഖയാണ്? ചെറുതോ വലുതോ ആയ ഒന്നും തന്നെ അത് കൃത്യമായി രേഖപ്പെടുത്താതെ വിട്ടുകളയുന്നില്ലല്ലോ! തങ്ങൾ പ്രവർത്തിച്ചതൊക്കെ (രേഖയിൽ) നിലവിലുള്ളതായി അവർ കണ്ടെത്തും. നിന്റെ റബ്ബ് യാതൊരാളോടും അനീതി കാണിക്കുകയില്ല.
(വിശുദ്ധ ഖുർആൻ:സൂറത്ത് അൽകഹ്ഫ് 49)

എന്നാൽ ഇടതു കയ്യിൽ ഗ്രന്ഥം നൽകപ്പെട്ടവൻ ഇപ്രകാരം പറയുന്നതാണ്: ഹാ! എന്റെ ഗ്രന്ഥം എനിക്ക് നൽകപ്പെടാതിരുന്നെങ്കിൽ.

എന്റെ വിചാരണ എന്താണെന്ന് ഞാൻ അറിയാതിരുന്നെങ്കിൽ. (എത്ര നന്നായിരുന്നു).അത് (മരണം) എല്ലാം അവസാനിപ്പിക്കുന്നതായിരുന്നെങ്കിൽ. (എത്ര നന്നായിരുന്നു).എന്റെ

ധനം എനിക്ക് പ്രയോജനപ്പെട്ടില്ല.എന്റെ അധികാരം എന്നിൽ നിന്ന് നഷ്ടപ്പെട്ടുപോയി.
(വിശുദ്ധ ഖുർആൻ:സൂറത്ത് അൽഹാഖ 25 മുതൽ 29 വരെയുള്ള വചനങ്ങൾ)

എല്ലാം ഒന്ന് അവസാനിച്ചിരുന്നെങ്കിൽ എന്ന് നീ കൊതിച്ചു പോകും!

മനുഷ്യൻ തന്റെ കൈകൾ മുൻകൂട്ടി ചെയ്തുവെച്ചത് നോക്കിക്കാണുകയും, ഞാൻ മണ്ണായിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന് സത്യനിഷേധി പറയുകയും ചെയ്യുന്ന ദിവസം.
(വിശുദ്ധ ഖുർആൻ:സൂറത്ത് അന്നബ' 40)

എന്നാൽ അതൊരു വ്യാമോഹം മാത്രമായി അവശേഷിക്കും .അതേ. നീ നരകത്തിലേക്ക് വലിച്ചെറിയപ്പെടും.

അവർ അതിൽ (നരകത്തിൽ) എറിയപ്പെട്ടാൽ അതിന്നവർ ഒരു ഗർജനം കേൾക്കുന്നതാണ്.അത് തിളച്ചു മറിഞ്ഞു കൊണ്ടേയിരിക്കുകയും ചെയ്യും.കോപം നിമിത്തം അത് പൊട്ടിപിളർന്ന് പോകുമാറാകും. അതിൽ (നരകത്തിൽ) ഓരോ സംഘവും എറിയപ്പെടുമ്പോഴൊക്കെ അതിന്റെ കാവൽക്കാർ അവരോട് ചോദിക്കും: നിങ്ങളുടെ അടുത്ത് മുന്നറിയിപ്പുകാരൻ വന്നിരുന്നില്ലേ?

അവർ പറയും: അതേ ഞങ്ങൾക്ക് മുന്നറിയിപ്പുകാരൻ വന്നിരുന്നു. അപ്പോൾ ഞങ്ങൾ നിഷേധിച്ചു തള്ളുകയും അല്ലാഹു യാതൊന്നും ഇറക്കിയിട്ടില്ല, നിങ്ങൾ വലിയ വഴികേടിൽ തന്നെയാകുന്നു എന്ന് ഞങ്ങൾ പറയുകയുമാണ് ചെയ്തത്.
(വിശുദ്ധ ഖുർആൻ:സൂറത്ത് അൽമുൽക് 7,8,9 വചനങ്ങൾ)

ആ നരകം നിനക്ക് താങ്ങാവുന്നതല്ല.
തലയുടെ തൊലിയുരിച്ച് കളയുന്ന നരകാഗ്നി.
നീ അവിടെ ഭക്ഷണത്തിനായി വിളിക്കപ്പെട്ടാൽ!!

അതാണോ വിശിഷ്ടമായ സൽക്കാരം? അതല്ല സഖൂം വൃക്ഷമാണോ?

നരകത്തിന്റെ അടിയിൽ മുളച്ചുപൊങ്ങുന്ന ഒരു വൃക്ഷമത്രേ അത്!

അതിന്റെ കുല പിശാചുക്കളുടെ തലകൾ പോലെയിരിക്കും.

തീർച്ചയായും അവർ അതിൽ നിന്ന് വയർ നിറയ്ക്കുന്നവർ ആയിരിക്കും.

പിന്നീട് അവർക്ക് അതിനു മീതെ ചുട്ടു തിളക്കുന്ന വെള്ളത്തിന്റെ ഒരു ചേരുവയും ഉണ്ട്.
(വിശുദ്ധ ഖുർആൻ:സൂറത്ത് അസ്സ്വാഫാത്ത് 62 മുതൽ 66വരെയുള്ള വചനങ്ങൾ)

അങ്ങനെ നരകാവകാശികൾ സ്വർഗ്ഗാവകാശികളെ വിളിച്ചു പറയും: ഞങ്ങൾക്ക് അല്പം വെള്ളമോ അല്ലാഹു നിങ്ങൾക്ക് നൽകിയ ഉപജീവനത്തിൽ നിന്ന് അല്പമോ നിങ്ങൾ ചൊരിഞ്ഞു തരണേ! അവർ പറയും: (സ്വർഗ്ഗത്തിൽ നിന്ന് വിളിച്ചു പറയും) സത്യനിഷേധികൾക്ക് അല്ലാഹു അത് രണ്ടും തീർത്തും വിലക്കിയിരിക്കുകയാണ്.
(വിശുദ്ധ ഖുർആൻ:സൂറത്ത് അൽഅ'റാഫ് 50)

നരകത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ ഒരു മടക്കമില്ല, മരണവും ഇല്ല, കാലാകാലം സ്ഥിരമായി അവിടെ തന്നെ. അല്ലാഹുവിനെ നിഷേധിച്ചു തള്ളിയതിനാൽ, ഇതാണ് യഥാർത്ഥ നാശം! പൂർണമായ നഷ്ടം! എന്തും ചെയ്യാൻ കഴിയാത്ത അവസ്ഥ!

എന്നാൽ ചിന്തിക്ക് ഇതൊരു അവസരമാണ്. ഇപ്പോഴും നിനക്ക് ജീവൻ ബാക്കിയാണ്, നീ മരണപ്പെട്ടിട്ടില്ല. പൂർണമായും ആരോഗ്യവാനാണ് ,നിനക്ക് ഒന്നും സംഭവിച്ചിട്ടില്ല. കാര്യങ്ങൾ വ്യക്തമാണ്. ഇസ്ലാമിലേക്ക് നിനക്ക് കടന്നുവന്നു കൂടെ?

നീ ഉപദ്രവം ഭയപ്പെടുന്നെങ്കിൽ രഹസ്യമായി ഇസ്ലാമിനെ സ്വീകരിക്കുക. ചെയ്തുകൊണ്ടിരിക്കുന്ന ഈ തിന്മ ഒഴിവാക്കുക, തിന്മയിൽ നിനക്ക് സഹായികളായിരുന്ന നിന്റെ സുഹൃത്തുക്കളെ നീ ഉപേക്ഷിക്കുക. മതത്തെ അതിന്റെ സത്ത ചോർന്നു പോകാത്ത രീതിയിൽ മുറുകെ പിടിക്കുന്ന സത്യസന്ധരായ അറിവിൻറെ ആളുകളിലേക്ക് നീ യാത്ര ചെയ്യുക. അവർ നിന്നെ സഹായിക്കും. അവർ ഒരിക്കലും ഈ ലോക ജീവിതത്തിലെ സ്വാർത്ഥ താല്പര്യങ്ങൾ ആഗ്രഹിക്കുന്നവരല്ല. സൗമ്യമായ ഇടപെടലും വിശാലമായ ഹൃദയവും ഉള്ളവരെ നിനക്ക് അവിടെ കണ്ടെത്താം. അവരുടെ സ്നേഹത്തിനു പിന്നിൽ രഹസ്യമായ ലക്ഷ്യങ്ങൾ ഇല്ല. നിന്റെ സമ്പത്തോ അധികാരമോ ആഗ്രഹിക്കാത്തവർ, അല്ലാഹുവിനുവേണ്ടി മാത്രം സ്നേഹിക്കുന്നവർ ,അവരോടൊപ്പം നീ ആയിക്കൊള്ളുക. അല്ലാഹു പറഞ്ഞത് പോലെ

തങ്ങളുടെ റബ്ബിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കി നിർത്തുക. ഇഹലോക ജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടുമാറി പോകാതിരിക്കട്ടെ. ഏതൊരുവന്റെ ഹൃദയത്തെ നമ്മുടെ സ്മരണയെ വിട്ടു നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരു കവിഞ്ഞതായിരിക്കുകയും ചെയ്തുവോ അവനെ നീ അനുസരിച്ചു പോകരുത്.
(വിശുദ്ധ ഖുർആൻ: സൂറത്ത് അൽകഹ്ഫ് 28)

അങ്ങനെയെങ്കിൽ നിന്റെ മനസ്സിൽ നിന്നും അഹങ്കാരവും പിശുക്കും അസൂയയും നീങ്ങി പോകും. സത്യസന്ധതയും ക്ഷമയും നിനക്ക് മുതൽക്കൂട്ടാകും .നീ യഥാർത്ഥ ജീവിതത്തിൻറെ ആസ്വാദനം അനുഭവിക്കും. ഇനി മരണം നിന്നിലേക്ക് എത്തിയാൽ അവിടെയാണ് യഥാർത്ഥ സുഖങ്ങൾ നീ അനുഭവിക്കുന്നത്. നിന്നിലേക്ക് മരണം വന്നെത്തുന്ന രംഗം നോക്കൂ

ഞങ്ങളുടെ റബ്ബ് അല്ലാഹുവാണെന്ന് പറയുകയും പിന്നീട് അതിൽ ഉറച്ചുനിൽക്കുകയും ചെയ്തവരാരോ അവരുടെ അടുക്കൽ മരണവേളയിൽ മലക്കുകൾ ഇറങ്ങി വന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കികയോ വേണ്ട നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗ്ഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞു കൊള്ളുക.
(വിശുദ്ധ ഖുർആൻ: സൂറത്ത്ഫുസ്സിലത്ത് 30)

ശേഷമുള്ള ഖബർ ജീവിതത്തിൽ സ്വർഗ്ഗത്തിൽ നിന്ന് വിരിപ്പ് വിരിക്കപ്പെടും. അവിടെ നിന്നുള്ള പുടവ ധരിപ്പിക്കും. സ്വർഗ്ഗത്തിന്റെ വാതിലുകൾ നിനക്കായി തുറക്കും. സ്വർഗ്ഗത്തിൽ നിന്നുമുള്ള സുഗന്ധവും കാറ്റും നിന്നിലേക്ക് എത്തും. സുമുഖനായ നല്ല വസ്ത്രം ധരിച്ച ഒരുവൻ നിന്നിലേക്ക് വരും. ചോദിക്കും ആരാണ് നീ പറയും നിന്റെ പ്രവർത്തനങ്ങളാണ്.

ലോകാവസാനത്തിന്റെ കൽപ്പന വന്നാൽ നീയും അല്ലാഹുവിൻറെ വിചാരണ കോടതിയിലേക്ക് പോകുകയായി. അല്ലാഹുവിന്റെ മാർഗത്തിൽ നിന്നെ സ്നേഹിച്ച ആളുകൾ നിന്നോടൊപ്പം നിനക്ക് കാണാം.

സുഹൃത്തുക്കൾ ആ ദിവസം അന്യോന്യം ശത്രുക്കളായിരിക്കും സൂക്ഷ്മത പാലിക്കുന്നവരൊഴികെ.
(വിശുദ്ധ ഖുർആൻ: സൂറത്ത്സുഹ്റുഫ് 67)

അല്ലാഹുവിൻറെ മാർഗത്തിൽ സ്നേഹിച്ച കൂട്ടുകാർ അന്നും നിന്നോടൊപ്പം ഉണ്ടാകും. നിന്റെ വിചാരണ വളരെ ലളിതമായിരിക്കും. അത് നിനക്ക് നിന്റെ കർമ്മ പുസ്തകം നൽകപ്പെടും.

എന്നാൽ (പരലോകത്ത്) ഏതൊരുവന് തന്റെ രേഖ(ഈ ലോക ജീവിതത്തിൽ അവൻ പ്രവർത്തിച്ച കാര്യങ്ങൾ ഉൾകൊള്ളുന്ന രേഖ) വലതു കൈയിൽ നൽകപ്പെട്ടുവോ അവൻ ലഘുവായ വിചാരണയ്ക്ക് മാത്രം വിധേയനാകുന്നതാണ്.
(വിശുദ്ധ ഖുർആൻ: സൂറത്ത്ഇൻശിഖാഖ് 7,8)

എന്നാൽ വലതു കൈയിൽ തന്റെ രേഖ നൽകപ്പെട്ടവൻ പറയും: ഇതാ എന്റെ ഗ്രന്ഥം വായിച്ചു നോക്കൂ.
(വിശുദ്ധ ഖുർആൻ: സൂറത്ത്ഹാഖ 19)

സന്തോഷം കാരണത്താൽ വായിച്ചു നോക്കിക്കൊള്ളുവാൻ അവൻ പറയും. അതേ, അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ പോവുകയായി. എന്തെന്നില്ലാത്ത ആനന്ദം അവൻറെ മനസ്സിൽ ഓടിയെത്തുന്നു. അവൻ അങ്ങനെ സന്തോഷത്തോടെ സ്വർഗ്ഗത്തിലേക്ക് പോകുന്ന രംഗം ഖുർആനിലൂടെ വിവരിക്കുന്നത് ഒന്ന് നോക്കൂ

തങ്ങളുടെ റബ്ബിനെ സൂക്ഷിച്ച് ജീവിച്ചവർ സ്വർഗ്ഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ അതിന്റെ കവാടങ്ങൾ തുറന്നു വയ്ക്കപ്പെട്ട നിലയിൽ അവർ അതിനടുത്തു വരുമ്പോൾ അവരോട് അതിന്റെ കാവൽക്കാർ പറയും: നിങ്ങൾക്ക് സമാധാനം

നിങ്ങൾ സംശുദ്ധരായിരിക്കുന്നു അതിനാൽ നിത്യവാസികൾ എന്ന നിലയിൽ നിങ്ങൾ അതിൽ(സ്വർഗത്തിൽ) പ്രവേശിച്ചു കൊള്ളുക.
(വിശുദ്ധ ഖുർആൻ: സൂറത്ത്സുമർ 73)

ആ സ്വർഗ്ഗത്തിലെ വിഭവങ്ങളെ കുറിച്ച് ഖുർആനിലൂടെ വിവരിക്കുന്നത് നോക്കൂ... ഇതൊക്കെ നമുക്ക് ചിന്തിക്കാവുന്നതിനും അപ്പുറമാണ്

സൂക്ഷ്മതയുള്ളവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗത്തിലെ അവസ്ഥ എങ്ങനെയെന്നാൽ അതിൽ പകർച്ചവരാത്ത വെള്ളത്തിന്റെ ട അരുവികൾ ഉണ്ട്. രുചി ഭേദം വരാത്ത പാലിന്റെ അരുവികളും, കുടിക്കന്നവർക്ക് ആസ്വാദ്യമായ മദ്യത്തിന്റെ അരുവികളും, ശുദ്ധീകരിക്കപ്പെട്ട തേനിന്റെ അരുവികളുമുണ്ട്. അവർക്ക് അതിൽ എല്ലാത്തരം കായ്കനികളുമുണ്ട്. തങ്ങളുടെ റബ്ബിൽ നിന്നുമുള്ള പാപമോചനവുമുണ്ട്.
(വിശുദ്ധ ഖുർആൻ: സൂറത്ത്മുഹമ്മദ് 15)

(അവരോട് പറയപ്പെടും) നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ കാരണമായി നിങ്ങൾ സുഖമായി തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക

വരിവരിയായി ഇട്ട കട്ടിലുകളിൽ ചാരി ഇരിക്കുന്നവരായിരിക്കും അവർ. വിടർന്ന കണ്ണുകൾ ഉള്ള വെളുത്ത തരുണികളെ നാം അവർക്ക് ഇണ ചേർത്ത് കൊടുക്കുകയും ചെയ്യും. അവർ കൊതിക്കുന്ന തരത്തിലുള്ള പഴവും മാംസവും നാം അവർക്ക് അധികമായി നൽകുകയും ചെയ്യും.
(വിശുദ്ധ ഖുർആൻ: സൂറത്ത്തൂർ 19 20 21 വചനങ്ങൾ)

സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും

താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗ്ഗത്തോപ്പുകൾ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ അതിൽ നിത്യവാസികളായിരിക്കും സ്ഥിരവാസത്തിനുള്ള തോട്ടങ്ങളിൽ വിശിഷ്ടമായ പാർപ്പിടങ്ങളും (വാഗ്ദാനം ചെയ്തിരിക്കുന്നു) എന്നാൽ അല്ലാഹുവിങ്കൽ നിന്നുള്ള പ്രീതിയാണ് ഏറ്റവും വലുത്. അതത്രെ മഹത്തായ വിജയം

(വിശുദ്ധ ഖുർആൻ: സൂറത്ത്തവ്ബ 72)

പക്ഷേ നിങ്ങൾ ഐഹിക ജീവിതത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു. പരലോകം ആകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും

(വിശുദ്ധ ഖുർആൻ: സൂറത്ത്അഅ്‌ലാ 16 17 വചനങ്ങൾ)

അതെ ഈ ലോക ജീവിതം വളരെ ചെറുതാണ് .ഇന്നോ നാളെയോ നമ്മിൽ നിന്നും നഷ്ടപ്പെട്ടുപോകും. അതിനാൽ യാഥാർത്ഥ്യം മറന്ന് ജീവിക്കരുതേ...



# ജീവിത ലക്ഷ്യം

**കൂടുതൽ അറിയാൻ**

www.uloomussunnah.com
T.me/uloomussunnah
T.me/durarsalafiyya